Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ജൂലൈ 2022

# SOS

## ലോകം തകരുകയാണോ ഒരുമിക്കുകയാണോ?

ത്വചിന്തകനും രാഷ്ട്രീയപ്രവർത്തകനുമായ നോം ചോംസ്കി *"കാഴ്ചക്കാരൻ"* എന്ന മാസികയുടെ ഏപ്രിൽ ലക്കത്തിൽ എഴുതി: "നാം മനുഷ്യകുലത്തിന്റെ ഏറ്റവും അപകടകരമായ അവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു... ഭൂമിയിലെ സംഘടിതമായ മനുഷ്യവർഗ്ഗം വിനാശത്തിന്റെ ദൂരക്കാഴ്ചയെ നേരിടുകയാണ്."

ചോംസ്കി മാത്രമല്ല, ഭൂമിയിലേക്കെത്തുന്ന ഗുരുതരമായ അപകടത്തിനേയും പ്രതിസന്ധിയേയും കുറിച്ച് പറഞ്ഞിട്ടുള്ളത്. നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ട ബൈബിളിലെ പ്രവചനങ്ങളിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അന്ത്യനാളുകളിലേയ്ക്ക് വഴി നയിക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

ഉദാഹരണമായി, യിരമ്യാവു ഇപ്രകാരം എഴുതിയിരിക്കുന്നു: *"അനർത്ഥം ജാതിയിൽ നിന്നും ജാതിയിലേക്കു പുറപ്പെടുന്നു; ഭൂമിയുടെ അറ്റങ്ങളിൽ നിന്നു വലിയകൊടുങ്കാറ്റു ഇളകിവരും. അന്നാളിൽ യഹോവയുടെ നിഹതന്മാർ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ വീണുകിടക്കും"* (യിരെ 25:31-33).

"നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?" എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് ഉത്തരമായി യേശു പറഞ്ഞു: *'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭം അത്രേ"* (മത്താ 24:3, 7-8).

യുദ്ധങ്ങളും, ക്ഷാമങ്ങളും, പ്രകൃതിയിലെ ആപത്തുകളും വർദ്ധിച്ചുവരുന്നതു കാണുമ്പോൾ ഇവയെല്ലാം "ഈറ്റുനോവിന്റെ ആരംഭ" കാലഘട്ടം ആയിരിക്കും.

യേശു തുടർന്നു പറഞ്ഞത്, ഇതെല്ലാം ചെന്നെത്തുന്നതു വലിയ പീഡയിലേക്ക് ആയിരിക്കുമത്രേ:

### ഉള്ളടക്കം

SOS. ലോകം തകരുകയാണോ?..... 1

ലോകം അവസാനിക്കുവാൻ പോകുന്നുവോ?..... 11

2000 ആണ്ടുകൾ-യിസ്രായേലും മശിഹായും..... 16

കാലത്തിന്റെ അടയാളങ്ങൾ..... 23

*“ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വ്യതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും”* (മത്താ 24:21-22). ഇതിനെ അവസാനിപ്പിയ്ക്കാൻ ദൈവം ഇടപെട്ടില്ലെങ്കിൽ ഭൂമിയിൽ നിന്നും ജീവൻ തന്നെ തുടച്ചു നീക്കപ്പെടും. യേശു ഭൂമിയിലേയ്ക്ക് തിരിച്ചെത്തുമ്പോൾ അതിന് അവസാനമുണ്ടാകും.

“ആ സമയത്ത് അവിടുന്ന് ശക്തിയോടും തേജസ്സോടും കൂടെ ദാനിയേൽ 7:13,14, മത്തായി 24:29-31 എന്നീ വേദഭാഗങ്ങളിൽ വായിക്കുംപോലെ മടങ്ങിവരും.”

ബൈബിളിലെ പ്രവചനങ്ങൾ കാണിക്കുന്നത്, രണ്ടാമത്തെ വരവിന് മുമ്പ് രണ്ട് പരസ്പരവിരുദ്ധങ്ങളായ പ്രവണതകൾ ഉണ്ടാകും. ലോകം തകരുകയും അതേ സമയം തന്നെ ഒരുമിക്കുകയും ചെയ്യും.

**ലോകത്തിന്റെ തകർച്ച**

യുക്രൈനിലെ യുദ്ധവും അതിന്റെ വിനാശവും നിലവിലുള്ള ഭീഷണിയാകുന്നു. റഷ്യയുടെ കടന്നുകയറ്റവും, നാറ്റോയുടെ പ്രതികരണവും ലോക സുരക്ഷയെ തകർച്ചയുടെ വക്കിലെത്തിയ്ക്കാവുന്ന ആണവയുദ്ധത്തിന്റെ അപകട സൂചനയാണ്. യുക്രൈനിനെതിരെയുള്ള റഷ്യയുടെ ആക്രമണം ന ല്ലൊരു ശതമാനം ഭാഗത്തും അവിടെ ജീവിക്കുന്ന ജനങ്ങൾക്ക് വിനാശമുണ്ടാക്കി. പുട്ടിൻ റഷ്യയെ ഒരു ദുഷ്ട രാഷ്ട്രമാക്കി. അയാളുടെ സ്വേച്ഛാധിപത്യവും സോവിയറ്റ് യൂണിയന്റെ കാലത്തെ അധികാരം തിരികെ സ്ഥാപിക്കാനായി നടത്തുന്ന യുദ്ധവും, യുക്രൈനിൽ നിന്നും ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് അഭയാർത്ഥികളായി പോകുന്നവരുടെ എണ്ണം വർദ്ധിപ്പിച്ചു.



വിലവർദ്ധനവും, അവശ്യസാധനങ്ങളുടെ ലഭ്യതക്കുറവും കാരണം ഉയർന്നുവന്ന സാമ്പത്തിക പ്രതിസന്ധിയും കാണുന്നുണ്ട്. ധാരാളം രാജ്യങ്ങളിൽ ലക്ഷക്കണക്കിന് മനുഷ്യർ അതിദാരിദ്ര്യത്തിലും പട്ടിണിയിലും അകപ്പെട്ടു ഞെരുങ്ങുന്നുണ്ട്. പാശ്ചാത്യ സാമ്പത്തിക രംഗം, 2008-ലെ പ്രതിസന്ധി കാരണം വലിയ കടത്തിലാണ്, അതിനൊപ്പം കോവിഡ് അടച്ചുപൂട്ടലും അതിനുവേണ്ടി ചിലവഴിക്കേണ്ടിവന്ന ഭീമമായ തുകകളും കാരണം വീണ്ടും തളരുകയാണ്. ബ്രിട്ടനേയും അമേരിക്കയേയും പോലെയുള്ള ധനിക രാഷ്ട്രങ്ങളിൽ പോലും പണവും മതിയായ ഭക്ഷണവും ഇല്ലാതെ ധാരാളം മനുഷ്യർ ബുദ്ധിമുട്ടുകയാണ്.

ഇന്ത്യയിലും പാകിസ്താനിലും മാരകമായ ഉഷ്ണതരംഗം കാരണം 49 ഡിഗ്രി വരെ ഊഷ്മാവ് ഉയർന്ന് ലക്ഷക്കണക്കിന് ജനങ്ങളുടെ ആശ്രയമായ കൃഷിയിൽ ഏർപ്പെടാൻ കഴിയാതെ പോകുന്നു. ഹരിതഭവന വാതകം പുറത്ത് വിടുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ആഗോളതാപനം കൊണ്ട് ഭാവിയിൽ ലോകത്തിന്റെ വളരെയേറെ ഭാഗങ്ങൾ ജീവിക്കാൻ സാധിക്കാതെയാകുമെന്നും പ്രവചനങ്ങൾ ഉണ്ട്.

ലോകം ഇപ്പോൾ നേരിടുന്ന പ്രശ്നം ഏറിവരുന്ന ഭക്ഷ്യക്ഷാമമാണ്. അടുത്ത ആറ് മാസങ്ങളിൽ ലോകത്തിലെ അഞ്ചിലൊന്ന് മനുഷ്യർ തീവ്രമായ ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും

പോകുമെന്നും മുന്നറിയിപ്പുണ്ട്. യുക്രൈൻ യുദ്ധം കാരണം നല്ലൊരു ഭാഗം ധാന്യങ്ങളും ലോക വിപണിയിൽ നിന്നും എടുത്തു മാറ്റപ്പെട്ടിരിക്കുന്നു. വരൾച്ചകളും, വെള്ളപ്പൊക്കങ്ങളും, ഉഷ്ണതരംഗങ്ങളും, ചിലയിടങ്ങളിലെ അസ്വാഭാവികമായ ശീതവും ലോകത്തിന്റെ ഭക്ഷണോത്പാദനത്തെ ബാധിച്ചിട്ടുണ്ട്. കീടനാശിനികളുടെ ലഭ്യതക്കുറവും, ഇന്ധനത്തിന്റെ ഉയർന്ന വിലയും കാരണം കർഷകർക്ക് ഭക്ഷ്യോത്പാദനം വെട്ടിച്ചുരുക്കേണ്ടി വരുന്നു. മൃഗങ്ങളിലെ രോഗങ്ങൾ കാരണം ദശലക്ഷക്കണക്കിന് പന്നികൾ, കോഴികൾ, മത്സ്യം എന്നിവയെ കൊല്ലുകയോ ഭക്ഷണത്തിൽ നിന്നും ഒഴിവാക്കപ്പെടുകയോ ചെയ്യേണ്ടിവന്നു. തന്മൂലം ഭക്ഷണ സാധനങ്ങളുടേയും ഇന്ധനത്തിന്റേയും വിലകൾ ആകാശത്തിലേക്ക് കുതിച്ച് ദശലക്ഷക്കണക്കിന് മനുഷ്യരെ ദാരിദ്ര്യത്തിലാക്കി.




ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യ പരിപാടിയുടെ മേധാവി ഡേവിഡ് ബീസ്ലി ഡാവോസിൽ നടന്ന ലോക സാമ്പത്തിക സമിതിയിൽ സംസാരിക്കുമ്പോൾ മുന്നറിയിച്ചത്, ഒരു ദശാബ്ദം മുമ്പ് നടന്ന അറബ് വസന്തത്തിന്റെ സമയത്ത് നിരീക്ഷിക്കപ്പെട്ട ഭക്ഷണ സുരക്ഷാ അവസ്ഥയേക്കാൾ സാഹചര്യം മോശമായിരിക്കും എന്നാണ്. അറബ് രാജ്യങ്ങളായ ടുനീഷ്യ, ലിബിയ, ഈജിപ്റ്റ് എന്നിവിടങ്ങളിലെ വിപ്ലവങ്ങളും, സിറിയയിലെ യുദ്ധവും, അഭയാർഥി പ്രശ്നം കാരണം തകരുന്ന ലെബനനും എല്ലാം ഈ അത്യാഹിത

ത്തിന് ഇരയായിത്തീർന്നു. ശ്രീലങ്കയിൽ ഇപ്പോൾത്തന്നെ സാമൂഹികമായ പ്രശ്നങ്ങൾ നാം കണ്ടുവരുന്നു. ആ രാജ്യത്തിൽ ധനവും ഭക്ഷണവും ഇന്ധനവും ഇല്ലാതായി. അധികവും അവിടുത്തെ സർക്കാരിന്റെ അഴിമതി കൊണ്ട് സംഭവിച്ചതാണ്. ജനങ്ങൾക്ക് വിശക്കുമ്പോൾ അവർ കുപിതരാകുകയും വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യും.

ഇറാനിൽ ഇതിലെ കൗതുകകരമായ ഒരു വശം കാണാൻ കഴിയുന്നുണ്ട്. ഭക്ഷ്യവില കുതിച്ചുയർന്നതിൽ പ്രതിഷേധിക്കാൻ ഇറാനിലെ ജനങ്ങൾ നഗരങ്ങളിലെ തെരുവുകളിലേക്ക് ഇറങ്ങി. സർക്കാരിന്റെ പരിഹാരം ഭക്ഷ്യ വസ്തുക്കൾ വിലകുറച്ചു കൊടുക്കുകയാണ്. പക്ഷേ അതിൽ മറ്റൊരു വിഷയവുമുണ്ട്. അംഗുലീ (digital)റേഷൻ കാർഡുകൾക്ക് അപേക്ഷിക്കുന്നവർക്ക് മാത്രമേ വിലകുറച്ച് കിട്ടുകയുള്ളു.

തുടക്കത്തിൽ, ഇറാനിലെ സർക്കാർ 90% ജനങ്ങൾക്കും പണം കൊടുത്ത് അടിസ്ഥാന ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനയ്ക്ക് പരിഹാരം കണ്ടു. എന്നിരുന്നാലും, ധാരാളം വിശകലന വിദഗ്ദ്ധർ വിശ്വസിക്കുന്നത്, ഇത് പണപ്പെരുപ്പത്തിന് കാരണമാകും എന്നാണ് (ഇപ്പോൾത്തന്നെ അത് 40 ശതമാനത്തിനു മുകളിലാണ്). അടുത്ത ഘട്ടത്തിൽ ആ പണം കൊടുക്കൽ അവസാനിപ്പിച്ച് പകരം റേഷൻ കാർഡുകൾ നൽകുന്നതായിരിക്കും. താങ്ങുവിലയ്ക്ക് സാധനങ്ങൾ കിട്ടണമെങ്കിൽ റേഷൻ കാർഡ് എടുക്കണം. സർക്കാർ ആവശ്യപ്പെടുന്നത് പോലെ പ്രവർത്തിക്കാൻ വിസമ്മതിച്ചാൽ ഇതെല്ലാം ജനങ്ങൾക്ക് നിഷേധിക്കപ്പെടാം.

പുതിയ പ്രാണിശാസ്ത്ര (biometric) തിരിച്ചറിയൽ ഉപയോഗിച്ച് ഭക്ഷണ സാധനങ്ങൾ റേഷനായി വിതരണം ചെയ്യുവാൻ തുടങ്ങുന്ന ആദ്യത്തെ രാജ്യമായിരിക്കും ഇറാൻ. ഈ സംവിധാനം ഒരുക്കുന്നതിന് അവരെ സഹായി

ച്ചത് ചൈന ആണ്. ജനങ്ങളെ വളയ്ക്കുന്നതിനുള്ള ഏറ്റവും മികച്ച വഴി ഭക്ഷണ സാധനങ്ങളുടെ വില അപ്രാപ്യമാക്കുന്നതാണ്. അല്ലെങ്കിൽത്തന്നെ പട്ടിണിയിലായിരിക്കുന്ന ആ മനുഷ്യർക്ക് ഭക്ഷണ പാസ്സ്പോർട്ടുകൾ ഏറെ ആവശ്യമായി വരും. ആഗോള തലത്തിൽ രൂപം എടുക്കുന്ന കാര്യങ്ങളുടെ ഏകദേശ ഘടനയാണത്. ഹെൻറി കിസ്സിൻജർ ഒരിക്കൽ പറഞ്ഞിരുന്നു "ഭക്ഷണ നിയന്ത്രണം ജനങ്ങളെ നിയന്ത്രിക്കുന്നു."

## ലോകം ഒരുമിക്കുന്നു.

ഇതിന് ഒരു ബദൽ സംവിധാനത്തെപ്പറ്റി ചിന്തിക്കാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു-ലോകം ഒരുമിക്കുന്നു. സാമ്പത്തികം, സർക്കാർ, സാങ്കേതികവിദ്യ എന്നീ മേഖലകളിലുള്ള ലോകത്തിലെ ഉന്നത നേതാക്കൾ ഈ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താനായി ഒത്തു കൂടിയിട്ടുണ്ട്. ലോകത്തെ മഹാവിപത്തുകളിൽ നിന്നും രക്ഷിച്ച് കോവിഡ്, കാലാവസ്ഥാ വ്യതിയാനം, ഭക്ഷണ ദൗർലഭ്യം, ഊർജ്ജം, പണം എന്നിവയുമായി ബന്ധപ്പെട്ട ഭീഷണികൾ ഇല്ലാതാക്കാൻ അവർ ശ്രമിക്കുന്നു.

ഐക്യരാഷ്ട്ര പരിപാടി 30-ഉം ലോക സാമ്പത്തിക സമിതിയുടെ മഹത്തായ പുനഃക്രമീകരണവും മുന്നോട്ടുവച്ച പദ്ധതി സോഷ്യലിസ്റ്റ് ലോകസർക്കാരിന്റെ രൂപത്തിലുള്ള മാനുഷിക പരിഹാരമാണ്. 2020- ൽ കോവിഡിന്റെ ഉയർന്ന വ്യാപനസമയത്ത്, ലോകസാമ്പത്തിക സമിതിയുടെ മേധാവി ക്ലോസ് ഷ്വാബ് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. "കോവിഡ് - 19 മഹത്തായ പുനഃക്രമീകരണം" എന്നാണു പുസ്തകത്തിന്റെ പേര്, അതിൽ അദ്ദേഹം പറയുന്നു: "ഈ മഹാമാരിയിൽ നിന്നും പ്രതിഫലിക്കുന്നത്, അപൂർവ്വമെങ്കിലും ഇടുക്കമുള്ള ഒരു അവസരത്തിന്റെ സാദ്ധ്യതയാണ്, അതായത് ഒരു പുനരവലോകനവും പുന:ക്രമീകരണവും." ഫലപ്രദമായ ആഗോള ഭരണത്തിന്റെ രൂപത്തിൽ മാത്രം സംഭവിക്കാവുന്ന പുതിയ ഒരു ക്രമത്തിനു വേണ്ടി ലോകം ശ്രമിക്കണം. ഈ പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് വിഷാണുവിനെക്കുറിച്ചുള്ള ഭയപ്പാടൊടുകൂടി എത്ര ദൂരം വരെ പോകാൻ കഴിയുമെന്നും, കുത്തിവെയ്പ്പ് ഉപയോഗിച്ച് ജനങ്ങളെ നിയന്ത്രിച്ച് അവരുടെ ആരോഗ്യ നില പരിശോധിക്കാനായി ഒരു തരം തിരിച്ചറിയൽ വ്യവസ്ഥയിൽ എത്തിക്കാൻ കഴിയുമെന്നും മനസ്സിലാക്കിക്കഴിഞ്ഞു. "ലോക സർക്കാർ ഉച്ചകോടി ദുബായിൽ മാർച്ചിൽ 2022- ന് സമാരംഭിച്ചപ്പോൾ അദ്ദേഹം ലോക നേതാക്കളോട് ഒത്തൊരുമിച്ച് കാലാവസ്ഥാ വ്യതിയാനം, വാണിജ്യം, സാമ്പത്തിക പ്രതിസന്ധികൾ എന്നീ ആഗോള പ്രശ്നങ്ങളെ നേരിടാൻ ആവശ്യപ്പെട്ടു."

ഇതിനായുള്ള പദ്ധതി അങ്ഗാര നിർഗ്ഗമനം പൂർണ്ണമായും തടയുവാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തണം. ഇതിനെ എല്ലാ വികസിത രാജ്യങ്ങളിലേയും അശ്മക ഇന്ധന ഉപയോഗം വലിയ അളവിൽ കുറയ്ക്കുവാൻ ആവശ്യപ്പെടുന്ന ഹരിതവാദി സംഘടനകളും ഐക്യരാഷ്ട്ര സഭയും പിന്തുണയ്ക്കണം. ഇത് ഉയർന്ന വിലയ്ക്കും കുറഞ്ഞ ഊർജ്ജ ലഭ്യതയ്ക്കും കാരണമായേക്കും. അത് ലോകത്തിൽ സംഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്കും കാരണമാകും.

ജനസംഖ്യയെ നിയന്ത്രിക്കാനുള്ള പുതിയ വഴിയായി കാലാവസ്ഥാ പ്രതിസന്ധി ഉപയോഗിക്കാൻ പദ്ധതികളുണ്ട്. അലിബാബാ ഗണത്തിന്റെ മേധാവിയായ മൈക്കിൾ ഏവൻസ്, ലോക സാമ്പത്തിക സമിതിയോടു പറഞ്ഞത്, അവർ അങ്ഗാര കാല്പാടുകളെ പിന്തുടരാനായുള്ള സാങ്കേതിക വിദ്യ നിർമ്മിച്ച് ലോകത്താകമാനമുള്ള ആളുകളുടെ ഊർജ്ജ ഉപയോഗം നിരീക്ഷിക്കാൻ പോകുകയാണെന്നായിരുന്നു. "ഞങ്ങൾ സാങ്കേതികവിദ്യ ഉപയോഗിച്ച്, ഉപഭോക്താക്കളെ

അവരുടെ സ്വന്തം അങ്ഗാര നിലപാടിനെ അളക്കാൻ പ്രാപ്തരാക്കുന്ന വഴി വികസിപ്പിക്കുകയാണ്. അത് എന്താണ് അർഥമാക്കുന്നത്? അവർ എവിടെയെല്ലാം യാത്ര ചെയ്യുന്നു, എങ്ങനെ യാത്ര ചെയ്യുന്നു, അവർ എന്താണ് കഴിക്കുന്നത്, അവർ എന്തെല്ലാമാണ് ഉപയോഗിക്കുന്നത് എന്നെല്ലാം പരിശോധിക്കുന്നതാണ്." അത് ഇപ്പോൾ അവിടെ വരെ എത്തിയിട്ടില്ല.

കഴിഞ്ഞ മെയ് മാസത്തിൽ ഐക്യ രാഷ്ട്രസഭയുടെ 75-ാം ലോക ആരോഗ്യ ഉച്ചകോടി സ്വിറ്റ്സർലണ്ടിലെ ജനീവയിൽ നടന്നപ്പോൾ, കോവിഡ്-19- ൽ നിന്നും പഠിച്ച പാഠങ്ങൾ ഉപയോഗിച്ച് മഹാമാരികൾക്കായി ഒരു അന്താരാഷ്ട്ര കരാർ വേണമെന്ന് ആഹ്വാനം ചെയ്തിരുന്നു. ലോകാരോഗ്യ സംഘടനയുടെ മേധാവി ടെഡ്രോസ് ആധാനം ഗബ്രിയെസസ് പറഞ്ഞു, "മറ്റു രീതികളിലുള്ള മഹാമാരികളും വലിയ ആരോഗ്യ അടിയന്തിരാവസ്ഥകളും ഉണ്ടാകാം. അത് എപ്പോഴായിരിക്കും എന്ന ചോദ്യമേയുള്ളൂ. മുൻകൂട്ടി നാം മഹാമാരികളെ കണ്ടെത്തി, നിരീക്ഷിച്ച്, ഫലപ്രദമായി ചെറുക്കാനായി ഒത്തൊരുമയോടെ തയ്യാറെടുക്കണം. ഇതു സാധിക്കുവാൻ, രാജ്യങ്ങൾ മഹാമാരി തയ്യാറെടുപ്പിനും പ്രതികരണത്തിനുമായുള്ള പുതിയ അന്താരാഷ്ട്ര കരാർ ഉണ്ടാക്കുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കണം."




മഹാമാരികൾ പോലെയുള്ള അടിയന്തിര പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനായി രാജ്യങ്ങൾക്ക് ധാർമ്മിക ബാധ്യത നൽകുന്ന നിയമങ്ങളും ചട്ടങ്ങളും ആവശ്യമാണ്. ആഗസ്റ്റിൽ നടക്കാനിരിക്കുന്ന ലോകാരോഗ്യ സംഘടനയുടെ അടുത്ത കൂടിവരവിൽ വച്ച് ഈ കരാർ തയ്യാറാക്കാനും ചർച്ച ചെയ്യാനുമാണ് പദ്ധതി. 2024 ആകുമ്പോഴേക്കും അത് നടപ്പിലാക്കാനുള്ള ലക്ഷ്യവുമായി 76-ാം ലോകാരോഗ്യ സംഘടനയുടെ ഉച്ചകോടിയിൽ അത് അംഗീകരിച്ചെടുക്കുവാനാണ് ശ്രമിക്കുന്നത്.

വിമർശകർ പറയുന്നത്, ഇതിന്റെ പോക്ക് ആഗോള ഭരണത്തിലേക്കുള്ള നീക്കം ആണെന്നത്രേ. കോവിഡ് മഹാമാരിപോലെയുള്ള ഭാവിയിലെ ആരോഗ്യപ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, രാജ്യങ്ങളുടെ നിയന്ത്രണം ലോകാരോഗ്യ സംഘടനയ്ക്ക് കൈമാറേണ്ടി വരും. നിർബന്ധിത കുത്തിവയ്പ്പുകളും, രാജ്യാന്തര അംഗുലീ ആരോഗ്യ തിരിച്ചറിയൽ രേഖകളും, അടച്ചുപൂട്ടലുകളും, അകറ്റിനിർത്തലുകളും, പരിശോധനകളും, അതിന്റെ നയങ്ങൾക്ക് അനുസരിച്ച് എന്തു തന്നെയും ആജ്ഞാപിക്കാൻ അതിന് സാധിക്കും. ഒഴിവാക്കാൻ കഴിയാത്ത, ഭാവിയിലെ മഹാമാരികൾ ഉണ്ടാകുമ്പോൾ, ഒരു പുതിയ അന്താരാഷ്ട്ര ഭരണ സംവിധാനം ലോകത്തിന്മേൽ അടിച്ചേൽപ്പിക്കപ്പെടും. 'തെറ്റായ വിവരങ്ങളെ' കൈകാര്യം ചെയ്യാനുള്ള ബാദ്ധ്യതയോടു കൂടിയ ഈ കരാർ ലോകാരോഗ്യ സംഘടനയുടെ ഉത്തരവിൻ പ്രകാരം പ്രവർത്തിക്കും. അതുവഴി നിയന്ത്രണങ്ങൾ ഒരു തെരെഞ്ഞെടുക്കപ്പെടാത്ത ആഗോളസംഘടനയ്ക്ക് ലഭിക്കും.

ഇതിൽ അന്തർലീനമായ അപകടം യൂറോപ്യൻ പാർലമെന്റിലെ അംഗമായ ക്രിസ്റ്റൈൻ ആൻഡേഴ്സൻ വിശദീകരിച്ചിട്ടുണ്ട്. "മഹാമാരി ഉണ്ടാകുന്ന പക്ഷം ലോകാരോഗ്യ സംഘടനയ്ക്ക്

അംഗരാഷ്ട്രങ്ങളുടെ മേൽ ഭരണാധികാരം ലഭിക്കണം" അവർ യൂറോപ്യൻ യൂണിയൻ കമ്മീഷനോട് ചോദിച്ചു, "ഏതുവരെ ജനങ്ങളുടെ നിയമാവകാശങ്ങൾ ആദരിക്കപ്പെടുകയും പൗരന്മാർ ലോകാരോഗ്യ സംഘടനയുടെ സ്വേച്ഛാധിപത്യ പരമായ തീരുമാനങ്ങൾക്ക് വിധേയരാകാതിരിക്കുകയും ചെയ്യും എന്ന് ഉറപ്പാക്കുന്നത് എത്രത്തോളം സാധ്യമാകും." അവർക്ക് ലഭിച്ച ഉത്തരം വ്യക്തവും ചുരുങ്ങിയതുമായിരുന്നു. **"ഒരിക്കലുമില്ല!"**

## കൃത്രിമബുദ്ധി എന്ന സാങ്കേതിക വിദ്യ

നിർമ്മിതബുദ്ധിയുടെ വികസനമാണ് ഇതിലെല്ലാമുള്ള ഏറ്റവും വലിയ അപകടം. കോവിഡ് കുത്തിവയ്പ്പു മരുന്നിൽ RNA (Ribo nucleic acid) ഉപയോഗിക്കുന്നതിനെപ്പറ്റി ഇപ്പോൾത്തന്നെ ആശങ്കയുണ്ട്. അത് സ്വാഭാവികമായ രോഗപ്രതിരോധ വ്യവസ്ഥയെ ഇല്ലാതാക്കുന്നു. CRISPR എന്ന സാങ്കേതികവിദ്യയും ഇതിൽ ഉൾപ്പെടുന്നു. ഇത് ക്രോമസോമുകളിലെ ഏകകങ്ങളെ വ്യത്യാസപ്പെടുത്തുവാൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ്. മാറ്റം, നാം ആരായിരിക്കുന്നുവോ അതിനു തന്നെ പരിവർത്തനം ഉണ്ടാക്കിയേക്കാം.

2017 നവംബർ 20-ന്, ഫോർബ്സ് വെബ്സൈറ്റിൽ "മാനവികതയുടെ ഭാവിയ്ക്ക് അപ്പുറത്ത്" എന്ന തലക്കെട്ടിൽ ഒരു ലേഖനം കാണുകയുണ്ടായി: 2030 ആകുമ്പോഴേക്കും ലോകം മാറുന്നതിന്റെ 7 വഴികൾ.

മനുഷ്യരെ ഇന്നുള്ളതിനേക്കാൾ കൂടുതൽ സമർത്ഥരും, കരുത്തരും, കൂടുതൽ കഴിവുള്ളവരുമാക്കുന്ന ചില ശാരീരികശേഷി വരും വർഷങ്ങളിൽ ഉയർന്നുവരും. ശരീരത്തിലേക്ക് പ്രവേശിപ്പിക്കുവാൻ കഴിയുന്നതെല്ലാം ശരീരവർദ്ധിത ശേഷിയുടെ ഒരു രൂപമായിരിക്കാമെങ്കിലും, അവ ഇന്നത്തെ ശാരീരിക അനുയോജ്യത നിരീക്ഷിക്കുന്നവരെ മറികടക്കും. മസ്തിഷ്ക്ക സൂക്ഷ്മച്ചീളുകളും, സിരാ നാടികളും, മനസ്സു കൊണ്ട് നിയന്ത്രിക്കാവുന്ന കൃത്രിമാവയവങ്ങളും, തൊലിയ്ക്കടിയിൽ വെയ്ക്കാവുന്ന സൂക്ഷ്മച്ചീളുകൾ പോലെയുള്ള സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നത് വർദ്ധിക്കും, കൈ ഒന്ന് വീശിയാൽ വാതിലുകൾ തുറക്കാനും കമ്പ്യൂട്ടർ രഹസ്യ വാക്കുകൾ (passwords) കൊടുക്കാനും സാധിക്കും.


അതിൽ ശക്തമായ വംശ വിഷയ അവലോകനം നടത്തുന്ന സാങ്കേതിക വിദ്യയെപ്പറ്റി പറയുന്നുണ്ട്. അത് ഒരു ദിവസം നമുക്ക് എല്ലാ പാരമ്പര്യ രോഗങ്ങളേയും ഇല്ലാതാക്കാനുള്ള കഴിവ് നൽകും. ഈ ശരീരശേഷി വർദ്ധനവ് കൂടുതൽ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതും, കൃത്യവും, തുടർച്ചയായുമുള്ള നിരീക്ഷണ സാദ്ധ്യതയും മനുഷ്യർക്ക് പ്രദാനം ചെയ്യും.

'തുടർച്ചയായി നിരീക്ഷിക്കാൻ' എന്നുള്ള പ്രയോഗം ശ്രദ്ധിക്കുക. തെറ്റായ കൈകളിൽ എത്തിയാൽ ഈ സാങ്കേതിക വിദ്യ കുറച്ച് കരുത്തരായ ആളുകൾക്ക് മാത്രം മനുഷ്യവർഗ്ഗത്തിന്റെ നിയന്ത്രണം സാധിക്കുന്ന അവസ്ഥ സംജാതമാകും. ഇത് അന്ത്യനാളുകളിൽ യേശുക്രിസ്തു മടങ്ങി വരുന്നതിന് തൊട്ടുമുമ്പ് സംഭവിക്കുമെന്ന് ബൈബിളിൽ പറയുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

യുവാൽ ഹരാരി എന്ന യിസ്രായേൽകാരനായ സാങ്കേതിക ഗുരു പറഞ്ഞ ചില വാക്കുകൾ ശ്രദ്ധിക്കുക. അദ്ദേഹം വളരെ ബുദ്ധിമാനും കൃത്യതയുള്ളതുമായ ആളാണ്. അദ്ദേഹം ദൈവത്തെ തള്ളിപ്പറയുകയും ബൈബിൾ കെട്ടുകഥയാണെന്നും, പ്രപഞ്ചത്തിൽ ദൈവം ഇല്ലെന്നും, യേശു മരണത്തിൽ നിന്നും ഉയർത്തെഴുന്നേറ്റ കഥ വ്യാജ വാർത്തയാണെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അടുത്തകാലത്ത്

അദ്ദേഹം ദൈവം മരിച്ചു പോയെന്നും പക്ഷേ മാന്യമായ ശവ സംസ്ക്കാരം നൽകിയിട്ടില്ലെന്നും പറഞ്ഞു. സ്വിറ്റ്സർലണ്ടിലെ ലോസാനിൽ ഒരു ശാക്തീകരണ ധർമ്മ സ്ഥാപനത്തിൽ വച്ച് നടത്തിയ പ്രസംഗം ഇവിടെ കേൾക്കാം: https://www. youtube .com/ watch? v= x h p XU0x5894.


നിർമ്മിതബുദ്ധിയുടെ അന്തർലീന ശക്തി ഏത് ചരിത്ര വിപ്ലവത്തിനേക്കാളും വലുതാണ്. അത് ശരിക്കുമൊരു ജീവശാസ്ത്ര പരമായ വിപ്ലവമാണ്. ഇനി നമുക്ക് ജീവശാസ്ത്രത്തിനെ മാറ്റുവാനോ മറികടക്കാനോ ഉള്ള ഉപകരണങ്ങൾ അവരിൽ നിന്നു ലഭിക്കാവുന്നതാണ്. മനുഷ്യർ കൃത്രിമത്വം കാണിക്കാൻ വാസനയുള്ള




ജീവികളാണ്. വിവര സാങ്കേതിക വിദ്യയിലും, ജൈവ സാങ്കേതിക രംഗത്തും ഉണ്ടായ ഭീമമായ ശാസ്ത്ര വിപ്ലവങ്ങളുടെ ഫലമാണത്. ജീവ ശാസ്ത്ര പരമായ അറിവും സാങ്കേതികമായ വിജ്ഞാനവും ഒരുമിച്ച് ചേർന്ന് ഒരു വിപ്ലവം ഉണ്ടാക്കി മനുഷ്യനു പരിവർത്തനം വരുത്തുവാനുള്ള കഴിവ് ക്രമീകരിച്ചു കൊടുക്കുകയാണ്. ഒരിക്കൽ ഇത് സാധ്യമായാൽ, എന്നേക്കാൾ എന്നെ അറിയാവുന്ന ഒരാൾക്ക് എന്റെ തീരുമാനങ്ങളും താല്പര്യങ്ങളും പ്രവചിക്കാൻ സാധിക്കും, എനിക്ക് വേണ്ടി തീരുമാനങ്ങൾ എടുക്കാൻ കഴിയും. എന്നുവെച്ചാൽ ആധികാരികത മനുഷ്യരിൽ നിന്നും കമ്പ്യൂട്ടർ പരിപാടികളിലേക്ക് മാറുന്നു. മനുഷ്യചരിത്രത്തിൽ ആദ്യമായി ഇപ്പോൾ, ഒരു പക്ഷേ പത്തോ ഇരുപതോ വർഷങ്ങൾക്കുള്ളിൽ, ചില സർക്കാരുകളും ചില സംഘടിത സംഘടനകളും ദശലക്ഷകണക്കിന് മനുഷ്യർക്കു മാറ്റം വരുത്തുവാനുള്ള ജീവശാസ്ത്രപരവും കമ്പ്യൂട്ടർപരവുമായ കരുത്തും വിവരങ്ങളും നേടിയെടുത്തേക്കാം. ഇതിനായുള്ള പ്രതിനടപടികൾ നാം സ്വീകരിച്ചില്ലെങ്കിൽ ഉപഭോക്താവാണ് എപ്പോഴും ശരി എന്ന ആശയം അനുസരിച്ച്, ഉദാരതയുള്ള ജനാധിപത്യവും സ്വതന്ത്രവിപണിയും ഇല്ലാതാകും. ഒരു ജനാധിപത്യ രാജ്യത്തിലെ സർക്കാരുകൾ പ്രതിനിധീകരിക്കുന്നത് അതിലെ ജനങ്ങളുടെ താല്പര്യമാണ്, അതേ സമയം സംഘടിത സ്ഥാപനങ്ങൾ (corporations) ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊടുക്കുന്നു. എന്നാൽ സർക്കാരുകൾക്കും സംഘടനകൾക്കും വോട്ടർമാരുടേയും ഉപഭോക്താക്കളുടേയും താല്പര്യവും ആഗ്രഹവും മുൻകൂട്ടി അറിയാൻ കഴിയുമെങ്കിൽ, അതിനെ കൗശലപരമായി സ്വാധീനിക്കാനും നിയന്ത്രിക്കാനും കഴിയുമെങ്കിൽ എന്തായിരിക്കും അവസ്ഥ? ജനങ്ങളും സർക്കാരുകളും ഈ ലോകത്ത് നടക്കുന്ന കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിയിട്ടില്ല. നമുക്ക് വേണ്ടി എടുക്കുന്ന കൂടുതൽ കൂടുതൽ തീരുമാനങ്ങൾ കമ്പ്യൂട്ടറുകൾ ഏറ്റെടുക്കും. ഈ ശാസ്ത്രവിദ്യകൾ നിർമ്മിക്കുന്നത് ആരാണെന്നും എന്ത് ധാർമ്മികതയുടെ അടിസ്ഥാനത്തിലായിരിക്കും അതെന്നും ഉള്ളത് അതിജീവനത്തിന് നിർണ്ണായകമാണ്.

നിലവിലുള്ള ആഗോള അടിയന്തിരാവസ്ഥ, ആളുകൾ ആവശ്യമായ മാറ്റങ്ങളെ അംഗീകരിക്കാൻ താല്പര്യപ്പെടുമായിരിക്കും എന്ന അവസ്ഥ സംജാതമാകുന്നു. പ്രതിസന്ധിയെ പ്രയോജനപ്പെടുത്തണം എന്നു പറയാറുണ്ട്, കാരണം ഒരു പ്രതിസന്ധി വരുമ്പോൾ സാധാരണ സമയത്ത് ജനങ്ങൾ അംഗീകരിക്കാത്ത പരിഷ്കാ

രങ്ങൾ നടത്താനുള്ള അവസരമാണ ത്. ഒരു പ്രതിസന്ധിയിൽ നിങ്ങൾക്ക് അത് ചെയ്യാൻ അനുവദിക്കുകയല്ലാ തെ വെറേ വഴിയില്ല. കുത്തിവെയ്പ്പ് നമ്മെ സഹായിക്കും. നൂറ് വർഷങ്ങൾ കഴിഞ്ഞ് ജനങ്ങൾ തിരിഞ്ഞ് നോക്കു മ്പോൾ കൊറോണ വൈറസ് ആയിരു ന്നു പുതിയ നീരിക്ഷണത്തിന്റെ




മേഖലകളുടെ സമയം എന്ന്, പ്രത്യേ കിച്ചും ചർമ്മത്തിനടിയിലെ നിരീക്ഷ ണങ്ങൾ എന്നു മനസ്സിലാക്കും.

നമുക്ക് ഒരു തരത്തിലുള്ള ആഗോള തിരിച്ചറിയലും വിശ്വസ്തതയും ആ വശ്യമാണ്. നിർമ്മിതബുദ്ധിയുടെ സാധ്യതകൾ ചരിത്രപരമായ വിപ്ലവ ത്തിനേക്കാളും വളരെയേറേ വലുതാണ്. ജീവശാസ്ത്രപരമായ വിപ്ലവമാണത്. ഇപ്പോൾ നമുക്ക് മനുഷ്യർക്കു മാറ്റം വരുത്തുവാനുള്ള ജീവശാസ്ത്ര പര വും കമ്പ്യൂട്ടർ പരവുമായുള്ള കരു ത്തും വിവരശേഷിയും നേടിയെടുക്കാം. അവയവ ഘടനയെ വെട്ടിമുറിച്ച് ശാ സ്ത്രത്തിന് ജീവന്റെ മേൽ തന്നെ ആധിപത്യം ലഭിച്ചേക്കാം. വരാനിരി ക്കുന്ന ദശാബ്ദങ്ങളിൽ നിർമ്മിത ബുദ്ധിയും ശാസ്ത്രപരമായ ജീവരൂപ ങ്ങളും നമുക്ക് ജീവിതത്തെ ചിട്ടപ്പെ ടുത്താനുള്ള ദൈവസമാനമായ കഴിവ് നൽകും - നിർമ്മിതബുദ്ധി രൂപം നൽ കുന്ന ജഡികമായ ജീവിതത്തിന്റെ പുതിയ യുഗത്തിലേക്ക് നാം പ്രവേ ശിക്കാൻ പോകുകയാണ്. നാം മനു ഷ്യനെ പരിഷ്കരിക്കും, വലിയ കഴി വുകൾ വികസിപ്പിക്കും, മനുഷ്യനെ ദൈവങ്ങളാക്കി സ്ഥാനക്കയറ്റം നൽ കും. ഹരാരി അംഗീകരിക്കുന്ന ഒരു കാര്യം, ഈ പ്രക്രിയ 'അംഗുലീ (digital) സർവ്വാധിപത്യം' സൃഷ്ടിക്കാൻ മനുഷ്യ നെ പ്രാപ്തരാക്കും എന്നതാണ്. മനുഷ്യനെ ഒരിക്കൽ ചിട്ടപ്പെടുത്തിക്ക ഴിഞ്ഞാൽ, അതിക്രമിച്ചു കയറുന്നവർ ജീവിതത്തിന്റെ തന്നെ നിയന്ത്രണം നിലനിർത്തും.

**ബാബേൽ/ ബാബിലോനും രണ്ടാം വരവും.**

ഇതൊരു വിചിത്രമായ ശാസ്ത്രീയ കൽപ്പനാ സൃഷ്ടിയായി തോന്നാം, പക്ഷേ ബുദ്ധിമാന്മാരും ശക്തരുമായ ആളുകൾ എല്ലാം അതിനെ ഗൗരവ ത്തിലെടുക്കും. ഇത് വാസ്തവത്തിൽ ദൈവത്തിനെതിരെയുള്ള മനുഷ്യന്റെ പോരാട്ടമാണ്. എന്നാൽ ദൈവത്തിന്റെ സമയത്ത് അതു പരാജയപ്പെടും, ക്രിസ് തു വിശ്വാസ വിരോധികൾക്ക് ഒരു ഹ്ര സ്വകാലത്തേക്ക് വിജയം ഉണ്ടാക്കി യേക്കാം.

ഉത്പത്തി 11 - ൽ നാം വായിക്കുന്നത് ബാബേൽ ഗോപുരത്തിന്റെ കാലത്ത് എങ്ങനെ മനുഷ്യർ ഒരുമിച്ച് നിന്നു എന്നതാണ്. *''വരുവിൻ, നാം ഭൂതല ത്തിൽ ഒക്കെയും ചിതറിപ്പോകാതിരി പ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുമുണ്ടാക്കുക"* എന്നു അവർ പറഞ്ഞു. അപ്പോൾ യഹോവ *"ഇതാ, ജനം ഒന്ന് അവർക്കെല്ലാവർ ക്കും ഭാഷയും ഒന്ന്; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്വാ ൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല."*

ഈ പദ്ധതി ദൈവത്തിനെതിരായുള്ള പോരാട്ടത്തിലാണ് ചെയ്യപ്പെട്ടത്, അതു കൊണ്ട് ദൈവം അവരെ ചിതറിക്കാ നും അവരുടെ ഭാഷകളെ തമ്മിൽ കുഴപ്പിക്കാനുമായി താഴേയ്ക്ക് വന്നു. തന്റെ താല്പര്യത്തിനെതിരായി

മനുഷ്യർ ഒരുമിക്കുന്നതിന്റെയും രാക്ഷസീയമായ എന്തോ സൃഷ്ടിക്കുന്നതിന്റെയും അപകടം ദൈവം കണ്ടു. ഇപ്പോൾ ദൈവം കാണുന്നത് നിർമ്മിതബുദ്ധിയുടെ അപകടവും മനുഷ്യന്റെ പ്രബലമായ നീക്കവുമാണ്, ബാബേലിൽ ആരംഭിച്ച പാതയിൽ നിന്നും അത് കൂടുതൽ ദൂരം പോയിരിക്കുന്നു. സാങ്കേതികവിദ്യ വികസിക്കുമ്പോൾ, 'അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്കും അസാദ്ധ്യമാകയില്ല.' മനുഷ്യനെ ചിട്ടപ്പെടുത്തി അവരെ ദൈവത്തിന്റെ രൂപത്തിലേയ്ക്ക് മാറ്റാൻ ശ്രമിക്കുന്നത് നമ്മെ തന്റെ രൂപത്തിൽ സൃഷ്ടിച്ച ദൈവത്തിൽ നിന്നും പ്രശ്നം ചോദിച്ചു വാങ്ങുന്നതിനാണ്. ആളുകൾ അതിന്റെ സാധ്യതയെ ഗൗരവകരമായി പരിഗണിക്കുന്നത് ദൈവം വേഗംതന്നെ നമുക്കിടയിലേയ്ക്ക് തിരിച്ച് വരണമെന്നതിനുള്ള മറ്റൊരു കാരണമാണ്.

സാങ്കേതികവിദ്യയും ചർമ്മത്തിനടിയിലുള്ള നിരീക്ഷണവും, പിന്തുണയ്ക്കുന്ന അംഗുലീയ ഏകാധിപത്യം, ബൈബിളിൽ വെളിപ്പാട് 13 - ൽ പ്രവചിച്ചിരിക്കുന്ന സാഹചര്യം പോലെയാണ്. മൃഗാധിപത്യമുള്ള ഒരു സർക്കാരിനെക്കുറിച്ച് അവിടെ വായിക്കുന്നു: *"അതു ചെറിയവരും, വലിയവരും, സമ്പന്നന്മാരും, ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറാക്കും. ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം, ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യഗണിക്കട്ടെ: അതു ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ 666"* (വെളി 13:16-18)

പഴയ തലമുറയിലുള്ളവർ അത്തരത്തിലുള്ള ഒരു വ്യവസ്ഥ എങ്ങിനെ വരുമെന്നായിരുന്നു, ഇപ്പോൾ സാങ്കേതികവിദ്യയുടെ വികസനം കൊണ്ട് അത്തരമൊരു തിരിച്ചറിയൽ അടയാളം അവരുടെ ശരീരങ്ങളിൽ പതിപ്പിച്ച് അവരെ വാങ്ങാനും വിൽക്കാനും സഹായിക്കുന്ന മറ്റൊരു സമൂഹത്തിലേയ്ക്ക് പ്രവേശിക്കാനുമുള്ള വ്യവസ്ഥ നൽകുന്നുവെന്നാണ്.

അതേസമയം, കമ്പ്യൂട്ടറുകളും, ഇന്റർനെറ്റും, നിർമ്മിതബുദ്ധിയും അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസ്ഥ പൂർണമായും തെറ്റിപ്പോകാൻ സാധ്യതയുള്ളതാണ്, ഈ ലേഖനത്തിൽ നമ്മൾ സംസാരിച്ച ആത്മീയ വശങ്ങൾ കൂടാതെ, അത് അതിക്രമിച്ചു കയറുന്നവർ, സൈബർ തീവ്രവാദികൾ, കമ്പ്യൂട്ടർ വൈറസുകൾ, ഊർജ്ജ പ്രതിസന്ധികൾ, മനുഷ്യന്റെ തെറ്റുകൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയ്ക്ക് വിധേയമാകാനും യന്ത്രങ്ങൾ അനിയന്ത്രിതമാകാനും സാധ്യതയുണ്ട്.

വെളിപ്പാട് 18 വിശദീകരിക്കുന്നത് ബാബിലോൻ എന്ന ലോകവ്യവസ്ഥയുടെ തകർച്ചയാണ്. അതിൽ കരകയറാൻ സാധിക്കാത്ത വലിയ ആപത്തുകളാണ് അവർക്ക് വന്നു ഭവിച്ചത്.

*"അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതുകണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി: മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്യുകയും ഭൂമിയിലെ വ്യാപാരികൾ അവളുടെ*

*പുളപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു. വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്. അവൾ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങൾ അവൾക്കു പകരം ചെയ്‌വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു*




*കൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ; അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളച്ചേടത്തോളം അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകയുമില്ല എന്നു അവൾ ഹൃദയം കൊണ്ടു പറയുന്നു. അതുനിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേ വരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ. അവളോടു കൂടെ വേശ്യാസംഗം ചെയ്തു പുളച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നു കൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചും കൊണ്ടു: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറു കൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും."*

ബാബിലോൻ പ്രതിനിധീകരിക്കുന്നത് ലോകവ്യവസ്ഥയുടെ അവസാന സമയമാകുന്നു, അത് ആത്മീയപരമായി ബാബേൽ ഗോപുരവുമായി സുവിശേഷങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നു (ബൈബിളിന്റെ എബ്രായ പതിപ്പിൽ ബാബേലും ബാബിലോനും ഒരേ വാക്കാണെന്ന് ഓർക്കുക). ഈ വ്യവസ്ഥയുടെ പിന്നിലെ സാത്താന്റെ പൈശാചികമായ ശക്തി ദൈവം കാണുന്നു. അതുകൊണ്ട് നാം ബാബിലോനിൽ നിന്നും പുറത്തുവരുക എന്നിട്ട് ലോകാവസാനത്തിങ്കൽ നിന്നും നമ്മളെ രക്ഷിക്കാൻ കഴിയുന്ന ഒരേ ഒരുവനായ യേശുക്രിസ്തുവിന് സ്വയം സമർപ്പിക്കുക. യേശു മടങ്ങിവരുമ്പോൾ അവിടുന്ന് ഈ ലോകത്തിലെ ബാബിലോൻ വ്യവസ്ഥയെ പൂർണമായും ഇല്ലാതാക്കി തന്റെ രാജ്യം രൂപപ്പെടുത്തും. അവിടെ എത്തുന്ന എല്ലാവർക്കും സമാധാനവും നീതിയും ലഭിക്കും. വരാനിരിക്കുന്ന ഈ രാജ്യത്തിൽ ഒരു സ്ഥാനം ലഭിക്കുവാൻ നാം നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും വേണം:

*"ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു"* (1 കൊരിന്ത്യർ 15:3,4).*

# എന്നെങ്കിലും ലോകത്തിനു അവസാനമുണ്ടാകുമോ?



ക്വാറാ എന്ന് വിളിക്കപ്പെടുന്ന ഒരു വെബ്സൈറ്റുണ്ട്. http//www.quora.com അവിടെ നിങ്ങൾക്ക്, ചർച്ചകൾക്കായി എന്തു പ്രശ്നത്തെക്കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കാനും മറ്റുള്ളവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും കഴിയും. ഈയിടെ അതിൽ വന്ന ചോദ്യങ്ങളിൽ ഒന്ന് ഇതായിരുന്നു.

"ലോകം എന്നെങ്കിലും അവസാനിക്കുമോ?" അതിന് ഞാൻ ഒരു മറുപടി കൊടുത്തു: "അതെ, പക്ഷെ കുറഞ്ഞത് 1007 വർഷത്തേക്ക് അത് അവസാനിക്കില്ല." എങ്ങനെയാണ് ഞാൻ ഈ വർഷ കണക്കുകൂട്ടലിൽ എത്തിയത്?

വിശുദ്ധ: വേദപുസ്തക പ്രകാരം ഇനിയും പല സംഭവങ്ങളും നടക്കേണ്ടതായിട്ടുണ്ട്.

1. ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള രണ്ടാം വരവിന് മുന്നോടിയായി വരുന്ന മഹോപദ്രവകാലം എന്നറിയപ്പെടുന്ന 7 വർഷങ്ങൾ (മത്താ. 24:15-31, വെളി. 6-19 കാണുക) ഉണ്ട്.

2. രണ്ടാം വരവിന് ശേഷമുള്ള മശിഹയുടെ വാഴ്ച വെളിപ്പാട് 20 - ൽ പറയുന്നതുപോലെ ആയിരാമാണ്ട് വാഴ്ചയായിരിക്കുകയും, എബ്രായ പ്രവാചകന്മാർക്ക് വാഗ്ദത്തംചെയ്യപ്പെട്ടിട്ടുള്ളതുപോലെ ഭൂമിയിൽ നീതിയും സമാധാനവും നിറഞ്ഞിരിക്കുകയും ചെയ്യും. അത് മശിഹാ യുഗമായിരിക്കുകയും ചെയ്യും (യെശ. 2:11, സെഖ. 14 തുടങ്ങിയവ).

3. നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ദൈവം സൃഷ്ടിക്കുമ്പോൾ ഈ ലോകം അവസാനിച്ചിരിക്കും (2 പത്രോ. 3; വെളി.21).

ആയിരാമാണ്ട് വാഴ്ചയ്ക്കു മുന്നോടിയായുള്ള സംഭവങ്ങളെക്കുറിച്ച് വിശുദ്ധ വേദപുസ്തകത്തിന്റെ വീക്ഷണമനുസരിച്ച്, ക്രിസ്തുവിന്റെ രണ്ടാംവരവോടെ ലോകം അവസാനിക്കുന്നില്ല. എന്നാൽ മത്തായി 24-ൽ പറഞ്ഞിരിക്കുന്ന കാലാവസാനത്തേക്കുറിച്ച്, ശിഷ്യന്മാർ ചോദിച്ച, *''നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?"* ബൈബിളിന്റെ അംഗീകൃത പതിപ്പിൽ ഈ ചോദ്യം 'ലോകാവസാനത്തെ' സംബന്ധിച്ചുള്ളതാണ് എന്ന് കാണിക്കുന്നു. എന്നാൽ മൂല യവന പരിഭാഷയിൽ ഇതിനെ "അയോൻ" എന്ന പദത്താൽ വ്യക്തമാക്കിയിരിക്കുന്നു, അതിന്റെ അർത്ഥം "ലോകം" എന്നതിനെക്കാൾ "യുഗം" എന്ന് പരിഭാഷപ്പെടുത്തുന്നതാണ് ശരിയും ഉചിതവും.

മശിഹായുടെ വരവിന് ശേഷം ആയിരം വർഷങ്ങൾ നീണ്ടുനിൽക്കുന്ന ഒരു പുതുയുഗം പിറക്കുകയും, അന്ന് അവിടുന്ന് ലോകത്തിന്റെ മുഴുവൻ അധിപതിയായി വാഴുകയും, ആദിയിൽ ലോകം എങ്ങനെയായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചോ ആ രീതിയിൽ ഭൂമി ആയിത്തീരുകയും ചെയ്യും. മഹോപദ്രവത്തിന്റെ ഏഴ് വർഷവും, മശിഹയുടെ ആയിരം ആണ്ട് വാഴ്ചയും കൂട്ടിച്ചേർക്കുമ്പോൾ ലോകം അവസാനിക്കാൻ ഇനിയും കുറഞ്ഞത് 1007 വർഷങ്ങൾ ഉണ്ടാകും എന്ന് ഞാൻ പറഞ്ഞ സംഖ്യയിൽ എത്തും. ഒരു പക്ഷെ ഇത് കുറെക്കൂടി നീളാൻ സാദ്ധ്യതയുണ്ട്. കാരണം മഹോപദ്രവകാലം ഇതുവരെയും തുടങ്ങിയിട്ടില്ല. അത് എപ്പോൾ തുടങ്ങുമെന്ന് നമുക്ക് അറിയുകയുമില്ല.

ഈ യുഗത്തിന്റെ അവസാനത്തെക്കുറിച്ച് ബൈബിൾ പ്രവചിച്ചിരിക്കുന്ന കുറെ കാര്യങ്ങൾ താഴെകൊടുത്തിരിക്കുന്നു.

1. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും, വലിയ ഭൂകമ്പവും, ക്ഷാമവും, മഹാവ്യാധികളും അവിടവിടെ ഉണ്ടാകും (ലൂക്കൊ. 21:10-11).

2. നോഹയുടെ കാലത്തെന്നപോലെ ഭൂമി അതിക്രമംകൊണ്ട് നിറയുകയും ഭൂമിയിൽ എന്തു സംഭവിക്കുന്നുവെന്ന് ഓർത്ത് അനേകർ ഭയചകിതരാകുകയും ചെയ്യും (ലൂക്കൊ. 17:26-27; ലൂക്കൊ. 21:25-26; ഉല്പ. 6:11).

3. ലോത്തിന്റെ കാലത്തെന്നപോലെ ലൈംഗീകമായ അധാർമ്മികതയാൽ ലോകം നിറയും (സൊദോമും ഗോമോറായും). ലൂക്കൊ. 17:28-29, മത്താ. 24:12, റോമ. 1:24-27, 2 തിമൊ. 3:1-9.

4. ഭൂമി വ്യാപകമായി മലിനമാവുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യും (യെശ. 24, വെളി. 8:6-11).

5. യിസ്രായേൽ ഒരു യഹൂദരാജ്യമായി രൂപംകൊള്ളും. യെരുശലേമിനുവേണ്ടിയുള്ള ഒരു യുദ്ധം ഉണ്ടാവുകയും അതിൽ ലോകരാജ്യങ്ങളെല്ലാം പങ്കാളികളാകുകയും ചെയ്യും (യെഹ. 36-39; സെഖ. 12-14; ലൂക്കൊ. 21:20-24, വെളി. 16:16).

6. ഒരു ആഗോളവത്കരണ പ്രക്രിയ ഉണ്ടാവുകയും അതിലൂടെ രാജ്യങ്ങൾ ഒന്നുചേർന്നു വരികയും ചെയ്യും. അതിൽ നിന്ന് എതിർ ക്രിസ്തുവിന്റെ ലോക സർക്കാർ ഉദയം ചെയ്യും (വെളി. 13).

7. സാങ്കേതിക വിദ്യയിൽ വർദ്ധിച്ച പുരോഗതിയുണ്ടാകും (ദാനി. 12:4, വെളി. 13:11-18).

8. കള്ളപ്രവാചകന്മാർ എഴുന്നേറ്റ് ജനത്തെ തെറ്റിക്കുകയും ദൈവത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും ആളുകളിൽ ആശയകുഴപ്പം ജനിപ്പിക്കുകയും ചെയ്യും (മത്താ. 24:5; 24:23-27, വെളി. 17:1-6).

9. ബൈബിളിന്റെ അടിസ്ഥാന സത്യങ്ങളെ ആക്രമിക്കുകയും സുവിശേഷം പഠിപ്പിക്കുന്നവരെ എതിർക്കുകയും ചെയ്യും (മത്താ. 24:10-11, 2 തിമൊ. 4:2-5, 2 പത്രൊ. 2, 1 യോഹ. 2:18-23).

10. എതിർപ്പും പീഡനവും മറികടന്ന് സുവിശേഷ സന്ദേശം ലോകത്തിന്റെ അറ്റത്തോളം എല്ലാ രാജ്യങ്ങളിലും എത്തും (മത്താ, 24:9-14, മത്താ. 28:18-20).

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളും യേശുക്രിസ്തുവിന്റെ വരവിന്റെ അടയാളങ്ങളാണ്. മനുഷ്യവംശം മഹോപദ്രവത്തിലേക്കുള്ള പാതയിലാണെന്നും അവ അർത്ഥമാക്കുന്നു. മുൻ ലേഖനത്തിൽ ഞാനതിനെക്കുറിച്ച് എഴുതിയിരുന്നു (മത്താ. 24:15-31). ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും, ഇനി മേലാൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം ആ നാളുകളിൽ ഉണ്ടാകും. യെശ. 24-ലിലും, യിരെ. 30-ലും ദാനി. 12- ലും അങ്ങനെയൊരു സമയത്തെക്കുറിച്ച് എബ്രായ പ്രവാചകന്മാർ സംസാരിക്കുന്നുണ്ട്. ദൈവം ആ നാളുകളെ ചുരുക്കിയില്ലായെങ്കിൽ "ഒരു ജഡവും രക്ഷപ്പെടുകയില്ല" എന്ന് യേശു പറയുന്നു. അതിന്റെ അർത്ഥം ഭൂമിയിൽ ജീവന്റെ അവസാനമായിരിക്കും അതെന്നാണ്.

മഹോപദ്രവകാലം ഏഴു വർഷം നീണ്ടു നിൽക്കുന്നതായിരിക്കും എന്നതിന്റെ തെളിവ് ദാനി. 9:20-27 വരെ കാണുന്നു. "എഴുപത് ആഴ്ചവട്ടക്കാലത്തെ പ്രവചനത്തെ" അടിസ്ഥാനമാക്കിയാണ് ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നത്. എഴുപത് ആഴ്ചവട്ടക്കാലം ഏഴ് വർഷക്കാലത്തെ പ്രവചനത്തിന്റെ നിറവേറലോടെ അവസാനിക്കുകയും,

അത് ഈ യുഗത്തിന്റെ അന്ത്യം കുറിയ്ക്കുകയും ചെയ്യും. എതിർ ക്രിസ്തുവും യിസ്രായേലും തമ്മിൽ ഒപ്പുവയ്ക്കുന്ന ഒരു സമാധാന ഉടമ്പടിയോടെ ഈ ആണ്ടുകൾക്ക് തുടക്കമാകും. ഈ കാലത്തിന്റെ മദ്ധ്യത്തിൽ വച്ച്, യേശു മത്തായി 24- ൽ പറഞ്ഞിരിക്കുന്നതു പോലെ ശൂന്യമാക്കുന്ന മ്ലേച്ഛതയായി വരുവാനുള്ള എതിർക്രിസ്തു വിശുദ്ധ സ്ഥലത്തു നിൽക്കുകയും, അത് അന്ത്യന്യായവിധിയിലേക്കും, അതിന് കാരണക്കാരനാകുന്നവന്റെ മേൽ (എതിർ ക്രിസ്തുവിന്റെ) ദൈവകോപം ചൊരിയുന്നതിലേക്കും വഴിനയിക്കും.

ഇതിന്റെ പ്രധാനഭാഗമെന്നു പറയുന്നത് മൃഗത്തിന്റെ മുദ്രയേൽക്കുന്ന സമ്പ്രദായമാണ്, "അത് ചെറിയവരും, വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റിയിലോ മുദ്രകിട്ടുമാറും മൃഗത്തിന്റെ പേരോ, പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ, വിൽക്കുകയോ ചെയ്വാൻ വഹിയാതെയും ആക്കുന്നു." കഴിഞ്ഞ ലേഖനത്തിൽ ഞങ്ങൾ പറഞ്ഞിരുന്നതുപോലെ ഈ സമ്പ്രദായം ഏർപ്പെടുത്താൻ ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കും. ഈ മുദ്ര ലഭിക്കാൻ നിങ്ങൾ മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കണം (ആരാധിക്കണം). അല്ലാത്തപക്ഷം നിങ്ങൾ സമൂഹത്തിൽ നിന്ന് പുറത്താക്കപ്പെടും. മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിച്ച് മുദ്രയേറ്റ നിങ്ങൾ എന്നന്നേക്കുമായി നിത്യനരകത്തിനു യോഗ്യരാകും (വെളി. 13:14-18, 14:9-11). ദൈവത്തിന്റെ ന്യായവിധി ഈ ദുഷ്ടസമ്പ്രദായത്തിനുമേൽ വരികയും "ബാബിലോനിന്റെ വീഴ്ചയിൽ" അത് തകർന്നടിഞ്ഞ് പോവുകയും ചെയ്യും (വെളി. 18).

മഹോപദ്രവകാലത്ത് അനേകായിരങ്ങൾ ഈ സമ്പ്രദായത്തോട് എതിർത്ത് നിൽക്കുകയും ക്രിസ്തുവിലേക്ക് തിരിയുകയും ചെയ്യും (വെളി. 7). ഈ ജനം എതിർക്രിസ്തുവിന്റെ പീഡനങ്ങൾക്ക് ഇരയാകും. (വെളി. 13:9-10) അനേകരും കൊല്ലപ്പെടും, എന്നാലും ക്രിസ്തുവിനോടുള്ള ഭക്തിയെ മുറുകെപ്പിടിക്കുകയും, മുദ്രയേൽക്കാൻ കൂട്ടാക്കാതെയിരിക്കുകയും, ഈ കാലത്തെ അതിജീവിക്കുകയും ചെയ്യുന്ന അനേകരും ഉണ്ടാകും. ഭൗമചരിത്രത്തിലെ ഭീകരമായ ഈ കാലത്തിന് ഹർമ്മഗെദ്ദോൻ യുദ്ധത്തോടെ വിരാമമാവുകയും, ക്രിസ്തു രണ്ടാമത് ഈ ഭൂമിയിൽ കാൽകുത്തുകയും (വെളി. 16:12-16, 19:11-21), മൃഗത്തിന്റെയും ഈ ലോകരാജ്യങ്ങളുടെയും വാഴ്ചയ്ക്ക് അന്തം വരുത്തുകയും, ലോകരാജത്വം നമ്മുടെ ദൈവത്തിന് ആകുകയും, അവിടുന്നു മശിഹായായി എന്നും എന്നേക്കും വാഴുകയും ചെയ്യും (വെളി. 11:15).

രാജാധിരാജാവും കർത്താധികർത്താവും ആയി യേശു ഭൂമിയിലേക്കു എഴുന്നള്ളിവരുമ്പോൾ എല്ലാ ഇടർച്ചകളേയും നിർമ്മാർജ്ജനം ചെയ്യാൻ തക്കവണ്ണം ദൈവത്തിന്റെ മഹാശക്തി വെളിപ്പെടും. അവിടുന്ന് മൃഗത്തെയും (എതിർ ക്രിസ്തു) കള്ളപ്രവാചകനേയും നേരെ തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളയും. സഭായുഗത്തിൽ ക്രിസ്തുവിൽ മരിച്ച എല്ലാ മൃതന്മാരുമായി അവിടുന്ന് വരും. സഭയുടെ ഉൽപ്രാപണത്തിൽ (മധ്യാകാശത്തിലെ ചേർക്കപ്പെടലിൽ) ഉയിർത്തെഴുന്നേറ്റവരും (മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റവരും) ജീവനോടെയിരിക്കുന്ന രൂപാന്തരം പ്രാപിക്കപ്പെട്ടവരുമായി അവിടുന്നു വരും (യൂദാ. 14,15, വെളി. 19:14, സെഖ. 14:5, 1 തെസ്സ. 4:15-18). പഴയ നിയമകാല വിശുദ്ധന്മാരെയും അവിടുന്ന് ഉയിർത്തെഴുന്നേൽപ്പിക്കുക മാത്രമല്ല (ദാനീ. 12:1-3, 13) മഹോപദ്രവകാലത്ത് കൊല്ലപ്പെടുന്നവരെയും ഉയിർത്തെഴുന്നേൽപ്പിക്കും (വെളി. 20:4).

മഹോപദ്രവകാലത്തെ അതിജീവിച്ച

വരെ "ചെമ്മരിയാടിനെയും കോലാടിനെയും തമ്മിൽ വേർതിരിക്കുന്ന ന്യായാസനത്തിനു മുൻപിൽ കൊണ്ടുവരും." കോലാടുകളെ (അവിശ്വാസികളെ) ഭൂമിയിൽ നിന്ന് ഛേദിച്ചുകളയുകയും, (നരകത്തിൽ തള്ളിയിടുകയും) ചെമ്മരിയാടുകളെ (വിശ്വാസികളെ) മശിഹായുടെ സാമ്രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുകയും, ആയിരമാണ്ട് വാഴ്ചയ്ക്കായി ഭൂമിയെ ജനസാന്ദ്രമാക്കുകയും ചെയ്യും (മത്താ. 25:31-46).

വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്തവരും ജീവപുസ്തകത്തിൽ പേർ എഴുതി കാണാത്തവരും വെള്ളസിംഹാസനത്തിനു മുൻപിൽ ന്യായവിധിക്കു നില്ക്കേണ്ടിവരും. *"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"* (വെളി. 20:15). ഈ ലോകത്തിന്റെ അവസാനത്തിൽ സംഭവിക്കുന്ന കാര്യങ്ങളായിരുക്കും ഇവ.

**അപ്പോൾ 1007 വർഷങ്ങളുടെ കാര്യമോ?**

ഈ വർഷം മഹോപദ്രകാലം തുടങ്ങിയെങ്കിൽ മാത്രമേ 1007 വർഷങ്ങൾ എന്ന എന്റെ കണക്ക് യഥാർത്ഥത്തിൽ ശരിയാകൂ. അത് മിക്കവാറും അങ്ങനെയാകാൻ സാദ്ധ്യതയില്ല. അതുകൊണ്ടാണ് കുറഞ്ഞത് 1007 വർഷങ്ങൾ എന്നു ഞാൻ പറഞ്ഞത്. എന്നാൽ അത് കുറച്ചുകൂടി കൂടാൻ സാധ്യതയുണ്ട്.

അന്ത്യകാല സംഭവപരമ്പരയിൽ നടക്കേണ്ട മറ്റൊരു സംഭവമുണ്ട്. അത് എപ്പോൾ സംഭവിക്കുമെന്നതിന്റെ നാളും നാഴികയും നാം അറിയുന്നില്ല. അത് നാളയോ വരും വർഷങ്ങളിലോ ആകാം.

ഈ സംഭവം സഭയുടെ "ഉൽപ്രാപണം" (എടുക്കപ്പെടൽ) എന്ന് അറിയപ്പെടുന്നു. 1 തെസ്സ. 4- ന്റെ 16 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ ഇതിനെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

*''കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ."*


ഈ (ഉൽപ്രാപണം) സംഭവം നടക്കുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശ്വാസികൾ ഉയിർത്തെഴുന്നേല്ക്കയും, ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ രൂപാന്തരം പ്രാപിച്ച് അവരോടൊപ്പം യേശുവിനോട് ഒത്തുചേരുകയും ചെയ്യും. അവർ അതിമാനുഷികമായ രീതിയിൽ കർത്താവിനെ മദ്ധ്യാകാശത്തിൽ (ഈ ഭൗമിക മണ്ഡലത്തിന് മേൽ) കണ്ടുമുട്ടാൻ എടുക്കപ്പെടും. ആ നിമിഷത്തിൽ രോഗത്തിനും, വാർദ്ധക്യത്തിനും, മരണത്തിനും കീഴടക്കാൻ കഴിയാത്ത വിധത്തിൽ നമ്മുടെ മർത്യ ശരീരം അമർത്യത്വത്തെ ധരിക്കും (1 കൊരി. 15:50-58). അങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെയായിരിക്കും. അവിടുന്ന് എവിടെയായിരിക്കുന്നുവോ നാമും അവിടെയായിരിക്കും. അവിടുന്ന് സ്വർഗ്ഗത്തിൽ ആയിരിക്കുമെങ്കിൽ നാമും സ്വർഗ്ഗത്തിലായിരിക്കും. അവിടുന്ന് ഭൂമിയിലേക്ക് മടങ്ങിവരുമ്പോൾ, നാമും അവിടുത്തോടൊപ്പം മടങ്ങിവരും. അവിടുന്ന് എവിടെയായിരിക്കുന്നുവോ അവിടെ, ആ മഹൽ സാന്നിദ്ധ്യത്തിൽ ആയിരിക്കുന്നതാണ് വിലയേറിയ അനുഭവം. അവിടുത്തെ തിരു:സാന്നിദ്ധ്യം ഇല്ലാത്ത ഇടത്ത് ആയിരിക്കുന്നത് ഭയാനകമാണ്.

മത്തായി 24:36-44 വരെയുള്ള തിരുവചന പ്രകാരം ഉൽപ്രാപണത്തിന്റെ നാളും നാഴികയും അറിയായ്കയാൽ എപ്പോഴും ഏതുനേരത്തും അതിനായി നാം ഒരുങ്ങിയിരിക്കേണ്ടതായിട്ടുണ്ട്.

*"ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന് മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യ പുത്രന്റെ വരവും അങ്ങനെതന്നെ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും. ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും, രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏത് ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും എന്ന് അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ."*

ഉൽപ്രാപണം ഇതുവരെ സംഭവിച്ചിട്ടില്ലാത്തതുകൊണ്ട് തന്നെ എല്ലാ സാദ്ധ്യതകൾക്കു നേരെയും നാം തുറന്ന സമീപനം പുലർത്തണം. മഹോപദ്രവത്തിനു മുൻപുള്ള ഉൽപ്രാപണം ആകുന്നുശരിയെങ്കിൽ, അത് ഏത് സമയത്തും സംഭവിക്കാവുന്നതും, ഇപ്പോൾ തന്നെ നാം അതിനായി ഒരുങ്ങേണ്ടതും ആണ്. മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിലോ അവസാനത്തിലോ ആണ് ഉൽപ്രാപണം നടക്കുന്നതെങ്കിൽ ആ കാലത്ത് ഉണ്ടാകുന്ന എല്ലാ പരീക്ഷകളെയും നേരിടാൻ നാം തയ്യാറായിരിക്കണം. അനവധി കഷ്ടങ്ങളെ നാം നേരിടേണ്ടി വരികയും നമ്മുടെ വിശ്വാസത്തിന് വേണ്ടി മരിക്കേണ്ടി വരികയും ചെയ്തേക്കാം.

മഹോപദ്രവത്തിലെ ക്രിസ്തീയ കാഴ്ചപ്പാടുകളുടെ താരതമ്യം




ഏതു വിധത്തിലായാലും യേശു കർത്താവിന്റെ തിരുമൊഴികൾക്ക് നമുക്ക് കാതോർക്കാം. *"ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്ത് വരുന്നതുകൊണ്ട് നിവർന്നു തല പൊക്കുവിൻ"* (ലൂക്കൊ. 21:28). ഇനി ശേഷിക്കുന്ന അല്പകാലം കർത്താവിനെ സേവിക്കാൻ നമ്മുടെ സമയം തക്കത്തിൽ ഉപയോഗിക്കുകയും വേദനയിലായിരിക്കുന്ന ലോകത്തിന് അവിടുത്തെ രക്ഷാ സന്ദേശം അറിയിച്ച് കൊടുക്കുകയും ചെയ്യാം.*

# 2000 ആണ്ടുകൾ – യിസ്രായേലും മശിഹായും



בְּאַחֲרִית הַיָּמִים תִּתְבּוֹנְנוּ בָהּ

അന്ത്യനാളുകളിൽ നിങ്ങൾ അത് മനസ്സിലാക്കും

ഈ ലേഖനത്തിൽ നാം കാണുന്ന സംഭവങ്ങളുടെ കാര്യത്തിൽ മറ്റൊരു രസകരമായ വസ്തുതയുണ്ട്.

റബ്ബിമാരുടെ വീക്ഷണത്തിലുള്ള യഹൂദ മതത്തിന്റെ (Rabbinic Judaism) മുഖ്യ പുസ്തകമായ തൽമൂദും യഹൂദ പ്രമാണങ്ങളുടെ പ്രാഥമികമായ ഉറവിടവുമായതിൽ ഈ പ്രസ്താവനയുണ്ട്. b. Avodah Zarah 9 a.

" ആറായിരം വർഷങ്ങൾ ഈ ലോകം നിലനിൽക്കേണ്ടതാണ്. ആദ്യത്തെ രണ്ടായിരം വർഷം ശൂന്യമായിരിക്കണം. അടുത്ത രണ്ടായിരം വർഷം തോറയുടെ കാലയളവായിരിക്കും. നമ്മുടെ ധാരാളമായ പാപങ്ങളാൽ ഇവയിൽ ചിലത് കഴിഞ്ഞുപോയിട്ടുണ്ട്; മശിഹായാകട്ടെ ഇതുവരെ വന്നിട്ടുമില്ല."

israel365.com എന്ന വെബ്സൈറ്റിലെ ഒരു ലേഖനം ഇതു വിശദീകരിക്കുന്നുണ്ട്, തൽമൂദ് (Tractate Avodah Zarah 9a) പ്രസ്താവിക്കുന്നത് ആറായിരം വർഷത്തേക്കു ലോകം നിലനിൽക്കുമെന്നാണ്. ഇതിനെ മൂന്ന് കാലയളവുകളായി തിരിച്ചിട്ടുണ്ട്. രണ്ടായിരം വർഷം അത് ശൂന്യമായി നിലകൊണ്ടു. രണ്ടായിരം വർഷത്തേക്ക് അതു തോറയിൽ നിലകൊണ്ടു. ഒടുവിലത്തെ രണ്ടായിരം വർഷം മശിഹാ വരുമ്പോഴുള്ള കാലയളവാകാം. അത് മനുഷ്യ വർഗ്ഗത്തിന്റെ പ്രവൃത്തികളിൽ ആശ്രയിച്ചായിരിക്കും. ആറായിരം വർഷത്തിന്റെ ഒടുവിൽ, മശിഹാ വന്നേ തീരൂ, മനുഷ്യൻ അതിനുവേണ്ടി ഒരുങ്ങിയില്ലെങ്കിൽപ്പോലും.

പാഴായിപ്പോയ രണ്ടായിരം വർഷം ആദാം മുതൽ അബ്രഹാം വരെയാണ്. തോറയുടെ രണ്ടായിരം വർഷം എന്നത് അബ്രഹാം (അഥവാ മോശെ) മുതലുള്ള കാലയളവാണ്. ഇതു മശിഹയുടെ കാലം വരെ നീളുന്നു. ഇതനുസരിച്ച് നാം ഇപ്പോൾ മശിഹയുടെ കാലത്താണ്.

മദ്ധ്യകാലത്തെ യഹൂദവ്യാഖ്യാതാവായ റാഷി ഇതു വിശദീകരിക്കുന്നത് ഇങ്ങനെയാണ്. തോറയുടെ രണ്ടായിരം വർഷത്തിനുശേഷം മശിഹാ വരണമെന്നുള്ളതും, ദുഷ്ട തലമുറ അവസാനിക്കേണ്ടതും, യിസ്രായേലിന്റെ അടിമത്വം അവസാനിക്കണമെന്നുമാണ്. മശിഹാ വരുവാൻ വൈകുന്നത് യിസ്രായേലിന്റെ പാപങ്ങൾ നിരവധി ആയതുകൊണ്ടാണ് എന്ന് റാഷി പറയുന്നു.

നമ്മുടെ പാപങ്ങൾ നിമിത്തം മശിഹാ വന്നില്ല എന്നാണ് റാഷി പറയുന്നത്. എന്നാൽ മശിഹാ വന്നത് എന്തുകൊണ്ടാണെന്നു പുതിയ നിയമം വിവരിക്കുന്നുണ്ട്. അത് നമ്മുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നതിനും, അങ്ങനെ യെശയ്യാവിന്റെ പ്രവചനത്തിലെ കഷ്ടമനുഭവിക്കുന്ന മശിഹയെപ്പറ്റിയുള്ള

പ്രവചനങ്ങൾ നിറവേറ്റുന്നതിനുമാണ് മശിഹാ വന്നത്: *"നാം എല്ലാം ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഒരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ* ***യഹോവ*** *നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി... തന്നെത്താൻ താഴ്ത്തി വായ്തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു. അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു; ജീവനുള്ളവരുടെ ദേശത്തു നിന്നു അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവനു ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു?"* (യെശ 53:6,8).

യേശു മശിഹായെന്ന ക്രിസ്തുവിൽ ഈ തിരുവെഴുത്ത് നിറവേറിയെന്ന് മശിഹായിൽ വിശ്വസിക്കുന്ന യെഹൂദന്മാരും, വിജാതീയരും വിശ്വസിക്കുന്നു. അതുകൊണ്ട് മശിഹായുടെ രണ്ടായിരം വർഷം മുമ്പുണ്ടായ ആദ്യത്തെ പ്രത്യക്ഷതയെത്തുടർന്നുള്ള കാലയളവിലാണ് നാമിപ്പോൾ.

തൽമൂദ് ദൈവശ്വാസീയമായ തിരുവെഴുത്തല്ല. എന്നാൽ അതിലൊരു ഭാഗത്തിൽ-- എബ്രായ പ്രവാചകന്മാർ ചൂണ്ടിക്കാട്ടുന്നത് മശിഹായുടെ പ്രത്യക്ഷതയുമായി ബന്ധമുള്ള രണ്ടായിരം വർഷത്തെ കാലയളവാണ്.

ദൈവത്തിന്റെ ഉദ്ദേശ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന യിസ്രായേലിന്റെ ഒരു സമയത്തെക്കുറിച്ച് ഹോശേയാ പറയുന്നുണ്ട്. അതൊരു സ്ഥിരമായ അവസ്ഥയല്ല. കാരണം അന്ത്യനാളുകളിൽ യിസ്രായേൽ കർത്താവിലേക്ക് തിരിയും. *"ഈ വിധത്തിൽ യിസ്രായേൽ മക്കൾ ബഹുകാലം രാജാവില്ലാതെയും, പ്രഭുവില്ലാതെയും, യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഏഫോദില്ലാതെയും ഗൃഹബിംബമില്ലാതെയും ഇരിക്കും. പിന്നെത്തേതിൽ യിസ്രായേൽമക്കൾ തിരിഞ്ഞ് തങ്ങളുടെ ദൈവമായ യഹോവയെയും തങ്ങളുടെ രാജാവായ ദാവീദിനെയും അന്വേഷിക്കും; ഭാവികാലത്ത് അവർ ഭയപ്പെട്ടുംകൊണ്ട് യഹോവയിങ്കലേക്കും അവന്റെ നന്മയിങ്കലേക്കും വരും"* (ഹോശ. 3:4,5).

റബ്ബി ഡേവിഡ് കിംചി (1160-1235), ഹോശയാ 3 - ന്റെ വ്യാഖ്യാനം നൽകിയിട്ടുണ്ട്. ഈ ദിനങ്ങൾ ഇപ്പോഴത്തെ വിജാതീയ പ്രവാസമാണ്, നാം വിജാതീയരുടെ അധികാരത്തിലാണ്, രാജാക്കന്മാരുടെയും, പ്രഭുക്കന്മാരുടെയും അധികാരത്തിലാണ്. നമുക്ക് ദൈവത്തിന് യാഗങ്ങളും, ഏഫോദും, ബിംബങ്ങളുമില്ല. വ്യാജ ദൈവങ്ങളുടെ രൂപങ്ങളില്ല - ദൈവത്തിനുള്ള ഏഫോദില്ല. നമുക്ക് ഭാവി പറയാമായിരുന്ന ഉറിമും തുമ്മിമും ഇല്ല. വ്യാജ ദൈവങ്ങൾക്കുള്ള ബിംബങ്ങളുമില്ല. ഇപ്പോഴത്തെ പ്രവാസത്തിൽ യിസ്രായേൽ മക്കളുടെ സ്ഥിതി ഇങ്ങനെയാണ്.

ശൂന്യതയുടെ കാലം നിരവധി നാളുകൾ നീണ്ടുനിൽക്കും. എബ്രായഭാഷയിൽ (yamim rabbim ). രാഷ്ട്രങ്ങൾക്കിടയിൽ യെഹൂദന്മാർ ചിതറിപ്പോകുന്ന ഒരു നീണ്ട കാലയളവാണത്. യിസ്രായേൽ മക്കൾ കർത്താവിലേക്കു തിരിയുകയും, ദാവീദ് അവരുടെ രാജാവാകുകയും ചെയ്യുമ്പോൾ ഇത് അവസാനിക്കും (ദാവീദ് ഇവിടെ ദാവീദു പുത്രനായ മശിഹയാണ്. അതു വാഴുന്ന രാജാവായ മശിഹായുടെ എബ്രായ നാമമാണ്).

എപ്പോഴാണ് ഈ സമയം ആരംഭിച്ചത്, എപ്പോഴായിരിക്കും ഇത് അവസാനിക്കുക? ബൈബിളിലെ യുഗങ്ങളുടെ ആശയത്തോട് ബന്ധപ്പെട്ടാണ് ഇതി

ന്റെ ഉത്തരം. ഇതു കാലയളവുകളാണ്; ദൈവത്തിന്റെ സത്യം ലോകത്തോടു ബന്ധപ്പെടുത്തുന്നതിന് ദൈവം കാര്യങ്ങൾക്കു മാറ്റം വരുത്തുമ്പോഴാണ്. മോശെമുതൽ മശിഹാവരെയുള്ള കാലയളവിൽ ദൈവത്തിന്റെ സത്യത്തെ ദൈവം യിസ്രായേൽമൂലവും മോശെയ്ക്കു നൽകിയ ന്യായപ്രമാണം മൂലവും കൈമാറി. യേശു മശിഹയായി വന്നതിനെത്തുടർന്ന് പുതിയ നിയമത്തിലൂടെയാണ് ദൈവം അതു നൽകുന്നത്. യേശുവിനെ മശിഹയാണെന്നു വിശ്വസിക്കുന്ന യെഹൂദന്മാരും വിജാതീയരും ചേർന്നുണ്ടായ ആത്മാവു നിറഞ്ഞ സഭയ്ക്കുള്ള സന്ദേശമാണ് ഇത്. യിരെ 31:31-34 വരെ പ്രവചിക്കുന്നത് പുതിയ ഉടമ്പടിയുടെ വരവിനെക്കുറിച്ചാണ്. അത് യിസ്രായേൽ ഗൃഹവുമായും യെഹൂദ ഗൃഹവുമായും ദൈവം ഉടമ്പടി ഉണ്ടാക്കുന്നതാണ്. അതിലൂടെ അവർ കർത്താവിനെ അറിയുകയും, പാപമോചനം പ്രാപിക്കുകയും, ദൈവത്തിന്റെ ന്യായപ്രമാണം അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെടുകയും ചെയ്യും.

യേശുവിന്റെ യെഹൂദ ശിഷ്യൻമാരുടെമേൽ പരിശുദ്ധാത്മാവ് വരുന്നതിനെക്കുറിച്ച് അപ്പൊസ്തൊല പ്രവൃത്തികൾ വിവരിക്കുന്നു. യെഹൂദ പെരുന്നാളായ പെന്തക്കോസ്തിൽ (ഷാവൗത്ത്) അതു നടന്നു. റബ്ബിമാരുടെ യഹൂദമത വിശ്വാസമനുസരിച്ച് മോശെയ്ക്ക് സീനായിയിൽ വെച്ച് തോറ ലഭിച്ചതിന്റെ ആഘോഷം നടന്നതു മശിഹയുടെ മരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും അൻപതു വർഷത്തിനു ശേഷമാണ്. പത്തു ദിവസത്തിനു ശേഷം അവിടുന്ന് ഈ ഭൂമിയിൽ നിന്ന് വിടവാങ്ങി സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി (അപ്പൊ 1-2). വിടപറയുന്നതിന് മുമ്പായി, യേശു അവിടുത്തെ ശിഷ്യന്മാരോടു പറഞ്ഞത് പരിശുദ്ധാത്മാവിനെ ലഭിക്കുന്നതുവരെ യെരുശലേമിൽ കാത്തിരിക്കാനും പിന്നീട് ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിക്കാനുമാണ്.

പെന്തക്കോസ്തുനാളിൽ ക്രിസ്തുവിന്റെ യെഹൂദശിഷ്യന്മാർക്കു സുവിശേഷ പ്രസംഗത്തിനു നേതൃത്വം നൽകിയത് പത്രൊസ് ആണ്. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തെഴുന്നേറ്റതിനാൽ മാനസാന്തരത്തിലൂടെയും യേശുവിലുള്ള വിശ്വാസത്തിലൂടെയും നമുക്ക് പാപമോചനവും നിത്യജീവനും കണ്ടെത്താമെന്നതായിരുന്നു പത്രൊസിന്റെ സന്ദേശം. അന്നാളിൽ യെഹൂദന്മാരുടെ ഒരു കൂട്ടത്തോടു പത്രൊസ് പ്രസംഗിക്കുകയും അവരിൽ മൂവായിരം പേർ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുകയും ചെയ്തു. യെരുശലേമിൽ വസിക്കുന്ന യെഹൂദന്മാരോടായിരുന്നു ആദ്യത്തെ സന്ദേശം. പിന്നെ യെഹൂദ്യയിലും, ചുറ്റുപാടുമുള്ള സ്ഥലങ്ങളിലും, അതു കഴിഞ്ഞ് വിജാതീയരോടും, ഭൂമിയുടെ അറ്റത്തോളം ആ സന്ദേശം കടന്നു ചെന്നു.

ഇതിനർത്ഥം യിസ്രായേലിന്റെ സ്ഥാനത്ത് ദൈവം സഭയെ വച്ചുവെന്നല്ല. മറിച്ച് തോറയുടെ സ്ഥാനത്ത് ദൈവം പുതിയ ഉടമ്പടി വച്ചു എന്നാണ്. മനുഷ്യനുമായുള്ള ദൈവത്തിന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണത്. സഭാഗാത്രം പണിതുയർത്തിയിരിക്കുന്നത് ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിലാണ്. മശിഹയിലൂടെയാണ് പുതിയ ഉടമ്പടി നൽകിയിരിക്കുന്നത്. യേശുവിന്റെ യെഹൂദ ശിഷ്യന്മാർ ഇതെല്ലാം പുതിയനിയമത്തിൽ എഴുതിയിട്ടുണ്ട്. അവരാണ് ഈ സന്ദേശം ആദ്യമായി ലോകത്തിലേക്ക് വഹിച്ചുകൊണ്ടുപോയത്.

പരീശന്മാരുൾപ്പെടെ ആയിരക്കണക്കിന് യെഹൂദന്മാർ, ആദിമ സഭയുടെ കാലയളവിൽ യേശുവിൽ വിശ്വസിക്കാൻ മുന്നോട്ടുവന്നുവെന്ന് അപ്പൊ

സ്തൊലപ്രവൃത്തികളിൽ രേഖപ്പെടുത്തുന്നു. എന്നിരുന്നാലും മതനേതൃത്വം സുവിശേഷത്തോടുള്ള എതിർപ്പു തുടരുകയും, അത് പ്രസംഗിക്കുന്നതിൽ നിന്ന് അപ്പൊസ്തൊലന്മാരെ തടയുകയും ചെയ്തു. ആ തലമുറയുടെ മേൽ ദൈവത്തിന്റെ ന്യായവിധി വീഴുന്നതിലേക്കും ദൈവാലയത്തിന്റെയും യെരുശലേമിന്റെയും നാശത്തിലേക്കും ഇതു വഴി നയിച്ചു. റോമിനെതിരേയുള്ള യെഹൂദ വിപ്ലവം പരാജയപ്പെട്ടതിന് ശേഷം എഡി 70-ൽ ആണ് അതു സംഭവിച്ചത്. ഇതിനെത്തുടർന്നുള്ള ദീർഘ വർഷങ്ങൾ ലോകമെങ്ങുമുള്ള ജനതകൾക്കിടയിൽ യെഹൂദന്മാർ ചിതറിപ്പോയി. ഇതു ദാനി. 9:26; ലൂക്കോ. 21:21-24 എന്നീ വേദഭാഗങ്ങളിൽ പ്രത്യേകമായി പ്രവചിച്ചിട്ടുണ്ട്.

ഈ യുഗത്തിന്റെ ഒടുവിൽ, യെരുശലേം നഗരത്തിലേക്കും യിസ്രായേൽ രാജ്യത്തിലേക്കും യെഹൂദജനത്തിന്റെ ഒരു മടങ്ങിവരവുണ്ടാകുമെന്ന് എബ്രായ പ്രവാചകന്മാർ പറയുന്നു (യെശ. 11; യിരെ. 31; യെഹെ. 36; സെഖ. 12). ഹോശേയാ പ്രവചനം ചൂണ്ടിക്കാട്ടുന്നത് അന്ത്യനാളുകളിൽ യെഹൂദന്മാർ കർത്താവിലേക്ക് തിരിയുമെന്നാണ്. ഹോശേയ 5:14,15 എന്നീ വാക്യങ്ങളിൽ കർത്താവു യിസ്രായേലിനെക്കുറിച്ച് പറയുന്നത് നാം വായിക്കുന്നു. *"ഞാൻ എഫ്രയീമിന് ഒരു സിംഹം പോലെയും യെഹൂദാഗൃഹത്തിന് ഒരു ബാല സിംഹംപോലെയും ഇരിക്കും; ഞാൻ തന്നെ കടിച്ചുകീറി പൊയ്ക്കളയും; ഞാൻ പിടിച്ചുകൊണ്ടുപോകും; ആരും വിടുവിക്കയുമില്ല. അവർ കുറ്റം ഏറ്റുപറഞ്ഞ് എന്റെ മുഖം അന്വേഷിക്കുവോളം ഞാൻ മടങ്ങിപ്പോയി എന്റെ സ്ഥലത്ത് ഇരിക്കും; കഷ്ടതയിൽ അവർ എന്നെ ജാഗ്രതയോടെ അന്വേഷിക്കും."*

മശിഹാ യിസ്രായേലിൽ യെഹൂദന്മാരുടെയിടയിലേക്ക് വന്നു. യെഹൂദ കോടതിക്കു മുമ്പിലും റോമൻ ദേശാധിപതി പീലാത്തോസിന്റെ മുമ്പിലും വിസ്തരിക്കപ്പെട്ടു. അന്യായമായ ഒരു വിചാരണയ്ക്കു ശേഷം അവിടുന്ന് തിരസ്ക്കാരവും, ക്രൂശീകരണവും സഹിച്ചു. മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റതിനുശേഷം, അവിടുന്ന് യെഹൂദ ശിഷ്യന്മാർക്കു നാല്പതു ദിവസത്തോളം പ്രത്യക്ഷനായി. സ്വർഗ്ഗത്തിലേക്കു മടങ്ങുന്നതിനുമുമ്പ് ലോകമെമ്പാടും അവിടുത്തെ സന്ദേശം കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശം ശിഷ്യന്മാർക്കു നൽകി. അവർ തങ്ങളുടെ തെറ്റ് അംഗീകരിക്കുന്നതുവരെ (മശിഹയെ തള്ളിക്കളഞ്ഞതിനെപ്പറ്റി അനുതപിച്ച് അവിടുത്തെ സ്വീകരിക്കുന്നതുവരെ) അവിടുന്ന് മടങ്ങിപ്പോയ സ്ഥലത്തുതന്നെ തുടരുമെന്ന് ഈ ഭാഗത്തു കാണുന്നു. ഹോശേയയിൽ കർത്താവു പറയുന്നതുപോലെ ഈ കുറ്റത്തിന്റെ ഫലമായിട്ടാണ് ദീർഘ വർഷങ്ങൾ അവർ ചിതറിപ്പോയത്. *"ഞാൻ തന്നെ അവരെ കടിച്ചുകീറി പൊയ്ക്കളയും; ഞാൻ പിടിച്ചുകൊണ്ടുപോകും; ആരും വിടുവിക്കയുമില്ല."*

യെരുശലേമിന് വരാൻ പോകുന്ന പതനത്തെക്കുറിച്ച് ലൂക്കൊസ് 21 - ൽ യേശു പ്രവചിച്ചിരുന്നു. അത് എ.ഡി 70 - ൽ റോമാക്കാർക്കെതിരായ യെഹൂദ വിപ്ലവത്തിൽ സംഭവിച്ചു. ഇതിന്റെ ഫലമായി യെഹൂദജനം ലോകരാഷ്ട്രങ്ങളിലേക്കു ചിതറിപ്പോകുകയായിരുന്നു. *"സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ. അന്ന് യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ; അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ; നാട്ടുമ്പുറങ്ങളിലുള്ളവർ അതിൽ കടക്കരുത്. എഴുതിയിരിക്കുന്നതെല്ലാം നിവൃത്തിയാക്കേണ്ടതിന് ആ നാളുകൾ പ്രതികാരകാലം ആകുന്നു. ആ കാലത്ത് ഗർഭിണികൾ*

*ക്കും മുലകുടിക്കുന്നവർക്കും അയ്യോ കഷ്ടം! ദേശത്തു വലിയ ഞെരുക്കവും ഈ ജനത്തിന്മേൽ ക്രോധവും ഉണ്ടാകും. അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേം ചവിട്ടിക്കളകയും ചെയ്യും"* (ലൂക്കൊ. 21:20-24).

ജാതികളുടെ കാലംവരെ യെരുശലേമിനെ ചവിട്ടിമെതിച്ച് വിജാതീയർ ഭരിക്കുമെന്ന പ്രവചനം നിറവേറി. ഈ കാലയളവിലുടനീളം യെരുശലേമിനെ വിജാതീയർ അന്ത്യകാലംവരെ നിയന്ത്രിക്കുമെന്നാണ് ഇതിൽ പറയുന്നത്. യേശു മശിഹായുടെ മടങ്ങിവരവിനു ശേഷം ഭൂമിയിലെ ദൈവഭരണത്തിന്റെ കേന്ദ്രമായി യിസ്രായേൽ മാറുന്നതുവരെ അത് നിലനിൽക്കും. ഒരു രാഷ്ട്രമെന്ന നിലയിൽ യിസ്രായേലിന്റെ ഇപ്പോഴത്തെ യഥാസ്ഥാപനം യെഹൂദന്മാരെ യിസ്രായേലിലേക്കും, യെരുശലേമിലേക്കും വീണ്ടും കൂട്ടിച്ചേർക്കുന്നതോടെയാണ്. അത് മശിഹാ വേഗത്തിൽ മടങ്ങിവരുന്നതിന്റെ അടയാളമാണ് (യെഹെ. 36; യിരെ. 31; സെഖ. 12; ലൂക്കോ. 21:24).

ഈ പ്രക്രിയ തുടങ്ങിയത് 1948 - ൽ യിസ്രായേൽ ഒരു രാഷ്ട്രമായി പുനഃസ്ഥാപിതമായ സംഭവങ്ങളോടെയാണ്. അതോടൊപ്പം പഴയ യെരൂശലേം നഗരം 1967 - ൽ പിടിച്ചെടുത്തതോടുകൂടിയുമാണ്. അതിന്റെ പൂർത്തീകരണം, കർത്താവിന്റെ രണ്ടാം വരവിൽ നടക്കും. അതു 'വിജാതീയരുടെ' കാലത്തിന്റെ അവസാനമായിരിക്കും (യെരുശലേമിലെ വിജാതീയഭരണത്തിന്റെ അവസാനം). ഇത് ദാനി. 2:44, 45; 7:13, 14; സെഖ. 12-14 എന്നീ വേദഭാഗങ്ങളിൽ പ്രവചിച്ചിട്ടുണ്ട്.

ദൈവത്തിന്റെ രക്ഷാ വാഗ്ദത്തത്തെ സംബന്ധിച്ചിടത്തോളം, അവിശ്വാസത്തിലുള്ള യിസ്രായേലിനെ മാറ്റിയിട്ട് വിജാതീയരിലേക്കു രക്ഷ വരികയാണ് (റോമർ 11 കാണുക). എന്നിരുന്നാലും ചിതറിപ്പോയ വർഷങ്ങളിലെല്ലാം തിരിച്ചറിയാനാവുന്ന ജനവിഭാഗമായി യെഹൂദജനം നിലകൊണ്ടു. ആ കാലയളവിന്റെയൊടുവിൽ ദൈവത്തോടുള്ള ബന്ധം ക്രമപ്പെടുത്തുവാൻ ഒരുങ്ങിയിരിക്കേണ്ടതിനു തന്നെ.

യിസ്രായേലും യെഹൂദന്മാരും ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ കേന്ദ്രങ്ങളായിത്തീരുമെന്ന് ചൂണ്ടിക്കാട്ടുന്ന തിരുവെഴുത്തുകളുണ്ട് (റോമ. 11:11-32; വെളി. 7,11:1-13). യേശു യെരുശലേമിനോടു പ്രവചിച്ചത് അവിടുന്ന് മടങ്ങിവരുമ്പോൾ ജൂതർ മശിഹയെ വരവേൽക്കുമെന്നാണ്. *"കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ"* (മത്താ. 23:39).

സെഖര്യാവ് 12 ചൂണ്ടിക്കാട്ടുന്നത്, അന്ത്യനാളുകളിൽ യെഹൂദരെ യെരുശലേമിൽ കൂട്ടിച്ചേർക്കുമ്പോൾ, ആ നഗരത്തിന്റെ സ്ഥിതിയെച്ചൊല്ലി ഒരു ആഗോള സംഘർഷമുണ്ടാകുമെന്നാണ്. കുത്തിത്തുളച്ചവനെ (ക്രൂശിക്കപ്പെട്ടു മരിച്ചവനെ) അവർ മശിഹയായി സ്വീകരിക്കും. *"ഞാൻ ദാവീദുഗൃഹത്തിന്മേലും യെരുശലേംനിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിത്തുളെച്ചവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും; ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും"* (സെഖ. 12:10).

ഹോശേയാ 6 - ൽ കർത്താവിങ്കലേക്കു മടങ്ങാനുള്ള ഒരു വിളിയുണ്ട്. കൂടാതെ യിസ്രായേലിന്റെ ഭാവിയിലുള്ള ഒരു

ഉണർവിന്റെ (ജീവന്റെ) വാഗ്ദത്തവുമുണ്ട്. *“വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു; ’അവൻ മുറിവുകെട്ടും രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും; നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും. നാം അറിഞ്ഞു കൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളത്; അവൻ മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിൻമഴപോലെ തന്നെ, നമ്മുടെ അടുക്കൽ വരും”* (ഹോശേ.6:1-3).

ദൈവം പിന്നീട് ന്യായവിധി നടത്തിയതു (അവിടുന്നു കടിച്ചുകീറി, അടിച്ചു) തിരിച്ചുകൊടുക്കും. അതായത് സൗഖ്യവും യഥാസ്ഥാപനവും ഉണ്ടാകും. രണ്ടാം വാക്യത്തിൽ പറയുന്നത് “രണ്ടു ദിവസം കഴിഞ്ഞ് അവിടുന്ന് നമ്മെ ജീവിപ്പിക്കും, മൂന്നാം ദിവസം അവിടുന്ന് നമ്മെ എഴുന്നേല്പിക്കും എന്നാണ്.”

മൂന്നാം ദിവസത്തിന്റെ ഒരു വ്യാഖ്യാനം, യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതുമായി ഇതിനൊരു ബന്ധമുണ്ടെന്നതാണ്. അതിനു ബദലായുള്ള ഒരു വ്യാഖ്യാനം എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത് രണ്ടായിരം വർഷത്തെ (രണ്ടു ദിവസം) സമയപരിധിക്കുള്ളിൽ അതിന് ചിലതു ചെയ്യാനുണ്ടെന്നാണ്. അത് ദൈവം യിസ്രായേലിനു രാജ്യം യഥാസ്ഥാനത്താക്കുന്നതിനോടനുബന്ധിച്ചു വരുന്നതാണത്. അതു മൂന്നാം ദിവസത്തിന്റെ തുടക്കത്തിലാണ് (ഒടുവിലത്തെ ആയിരം വർഷ കാലയളവ്).

തിരുവെഴുത്തിൽ, കർത്താവിന്റെ ദിവസം/ആയിരം വർഷമാണെന്ന ആശയം നമുക്കുണ്ട്. *“ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു”* (സങ്കീ. 90:4). *“എന്നാൽ പ്രിയമുള്ളവരെ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു. എന്നീ കാര്യം നിങ്ങൾ മറക്കരുത്”* (2 പത്രൊ. 3:8).

അതിനാൽ മശിഹായുടെ ഒന്നാമത്തെ വരവിനും രണ്ടാമത്തെവരവിനുമിടയിൽ രണ്ടായിരം വർഷത്തെ വിടവുണ്ടാകുമെന്നാണോ ഇതു ചൂണ്ടിക്കാട്ടുന്നത്? ചിലർ ഈ ആശയത്തിൽ പിടിച്ചുതൂങ്ങി രണ്ടാം വരവും രണ്ടായിരം വർഷവും തമ്മിലുള്ള ബന്ധത്തിൽ ആവേശഭരിതരാകാറുണ്ട്; പക്ഷെ രണ്ടായിരത്തിൽ ഒന്നും സംഭവിച്ചില്ല. അത് യേശുവിന്റെ ജനനത്തിനു ശേഷമുള്ള രണ്ടായിരം വർഷത്തെ സൂചിപ്പിക്കുന്നതാണ്. (ബിസി 4 - നും ബിസി 1 - നും ഇടയിൽ കർത്താവു ജനിച്ചിരിക്കണം). ബിസി, എഡി എന്ന കാലഗണനാസമ്പ്രദായം അഞ്ചാം നൂറ്റാണ്ടിൽ, റോമൻ പണ്ഡിതനായ ഡയോണിസസ് എക്സിഗുസ് ഉണ്ടാക്കിയതാണ്; യേശുവിന്റെ ജനനം കണക്കുകൂട്ടുന്നതിൽ അദ്ദേഹത്തിനു ചെറിയൊരു അബദ്ധം പറ്റി.

യേശുവിന്റെ ജനനം അത്ഭുതകരമായ ഒരു സംഭവമാണെങ്കിലും, ബൈബിളിനെ സംബന്ധിച്ചിടത്തോളം അതല്ല ഈ യുഗത്തെ സ്ഥാപിക്കുന്ന സംഭവം. ഇതു നടന്നത് കർത്താവായ യേശുവിന്റെ മരണ പുനരുത്ഥാനങ്ങളോടെയാണ്. പെന്തക്കൊസ്തു ദിനത്തിൽ പരിശുദ്ധാത്മാവിനെ അയച്ചതോടെയാണ് ദൈവം പുതിയ യുഗം നടപ്പാക്കുന്നത്. നമ്മുടെ പാപങ്ങൾക്കു

വേണ്ടി മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസം മൂലം ദൈവവുമായി നമ്മെ നിരപ്പിക്കുന്നതിലൂടെയാണ്. ഈ സുവിശേഷ സന്ദേശം സത്യസഭയ്ക്കു ജന്മം നൽകി. വിളിച്ചു ചേർത്തവരുടെ ആ കൂട്ടത്തിൽ യെഹൂദന്മാരും വിജാതീയരും ഉൾപ്പെടുന്നു.

മശിഹായുടെ ക്രൂശീകരണവും ഉയിർത്തെഴുന്നേല്പും എഡി 30-നും 33-നും ഇടയിൽ എവിടെയോ ആണ്. ഇതു ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ്. കർത്താവായ യേശു അവിടുത്തെ രക്തത്താൽ പുതിയ ഉടമ്പടി മുദ്രവച്ച ദിവസം! വിശ്വസിക്കുന്നവർക്കെല്ലാം അതിലൂടെ പാപക്ഷമയും നിത്യജീവനും പ്രാപിക്കാനും ദൈവത്തെ അറിയാനും കഴിയുന്നു (യിരെ. 31:31-34). ഇതിനോടു രണ്ടായിരം വർഷം കൂട്ടിയാൽ 2030- 2033 ലേക്കു വരും.

അതുകൊണ്ട് ഇതു മശിഹാ ഭൂമിയിലേക്കു മടങ്ങിവരുന്നതിന്റെ തീയതിയും യുഗാവസാനവുമാണെന്ന് ഞാൻ മുൻകൂട്ടി പറയുകയാണോ? അല്ല, കാരണം അതിൽ ചില അജ്ഞാതമായ വസ്തുതകൾ ഇവിടെ അവശേഷിക്കുന്നുണ്ട്. എന്നാൽ കുറഞ്ഞപക്ഷം പ്രവചന സംഭവങ്ങൾ നമ്മുടെ കാലത്തുതന്നെ നിറവേറാൻ തിടുക്കപ്പെടുന്നതിന്റെ വെളിച്ചത്തിൽ ഇത് താത്പര്യജനകമാണ്. ഇതാണ് കാര്യമെങ്കിൽ അടുത്ത പത്തുവർഷത്തിൽ, ബൈബിൾ പ്രവചനവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. ഐക്യരാഷ്ട്ര സഭ കാര്യപരിപാടികൾ നിറവേറ്റാൻ നിശ്ചയിച്ചിരിക്കുന്ന വർഷമാണ് 2030 എന്ന കാര്യം താല്പര്യജനകമാണ്.

കർത്താവിന്റെ വരവിന്റെ തീയതി എന്തുമാകട്ടെ, അവിടുത്തെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കണം. അതാണു സത്യവിശ്വാസ സഭയുടെ അനുഗ്രഹീതമായ പ്രത്യാശ *"സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന് അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു"* (തീത്തൊ. 2:11-14).*

## അറിയിപ്പുകൾ

* ഈ പ്രസിദ്ധീകരണത്തിന് വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാദാനങ്ങൾ സ്വീകരിക്കുന്നതാണ്.
* നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ ഉടനെതന്നെ വിവരം ഈ ഓഫീസിൽ അറിയിക്കുക.
* പ്രവചനസംബന്ധമായ പുസ്തകങ്ങൾ ആവശ്യക്കാർക്ക് സൗജന്യമായി അയച്ചു തരുന്നതാണ്.
* മലയാളം, തമിഴ്, ഹിന്ദി, മറാത്തി, ഗുജറാത്തി, ബംഗാളി, പഞ്ചാബി, കന്നഡ, തെലുങ്ക്, ആസ്സാമീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ലഘുലേഖകൾ വിതരണക്കാർക്ക് അയച്ചുതരുന്നതാണ്.

*- പത്രാധിപർ*

# കാലത്തിന്റെ അടയാളങ്ങൾ

**റഷ്യയും ചൈനയും 'ബഹുധ്രുവ ലോകത്തിനായി' സഖ്യം ചേരുന്നു..**

യുഎന്റെ ചൈനീസ് മറുപ്രതിയായ വാങ്മിയുമായി റഷ്യൻ വിദേശകാര്യമന്ത്രി സെർഗെയ് ലാവ്റൊവ് അടുത്തയിടെ നടത്തിയ കൂടിക്കാഴ്ചയിൽ തന്റെ രാജ്യത്തിന് ചൈനയുമായി ഉറച്ചതും തുടർച്ചയുള്ളതുമായി ബന്ധം വികസിപ്പിക്കുന്നതിനുള്ള താല്പര്യം എടുത്തു പറഞ്ഞിരുന്നു. ര ് രാജ്യങ്ങളും ഒരു ബഹുധ്രുവ, നീതിയുക്തമായ ജനാധിപത്യ ലോകക്രമത്തിലേയ്ക്ക് നീങ്ങുകയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. ചൈനീസ് വിദേശ കാര്യമന്ത്രി വാങ്യി പറഞ്ഞത് ''റഷ്യയും ചൈനയും തമ്മിലുള്ള ബന്ധങ്ങൾ അന്താരാഷ്ട്ര രംഗത്ത് മാറ്റങ്ങൾക്ക് കാരണമായ പുതിയ പരീക്ഷണങ്ങളെ നേരിടുകയും, ശരിയായ ദിശ പരിപാലിക്കുകയും, ദൃഢമായ ഒരു വികസന മാതൃക അവതരിപ്പിക്കുകയും ചെയ്തു'' എന്നായിരുന്നു.

കൂടിക്കാഴ്ചയ്ക്ക് ശേഷം നടത്തിയ സംയുക്ത പ്രസ്താവനയിൽ ര ് മന്ത്രിമാരും ചേർന്ന് പറഞ്ഞു, "വെല്ലുവിളിയുയർത്തുന്ന അന്താരാഷ്ട്ര സാഹചര്യത്തിന്റെ വെളിച്ചത്തിൽ, റഷ്യയും ചൈനയും അവരുടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുകയും ആഗോളവിഷയങ്ങളിൽ ഒരേ ശബ്ദത്തിൽ സംസാരിക്കുകയും ചെയ്യും."

ഇതിനെക്കുറിച്ച് "ഉൽപ്രാപണ ഒരുക്ക വാർത്ത"യിൽ (Rapture Ready News) ടെറി ജെയിംസ് എഴുതി: "എന്റെ കാഴ്ചപ്പാടിൽ, ഈ പ്രസ്താവന കൊ ് റഷ്യയും ചൈനയും ബഹു ധ്രുവ ലോകക്രമത്തിൽ പങ്ക് അവകാശപ്പെടുകയാണ്. അന്ത്യകാല പ്രവചനത്തിലെ മൂന്ന് പ്രധാനശക്തി സംഘടനകൾ ഇപ്പോൾ ദൈവത്തിന്റെ നിരീക്ഷണ വീക്ഷണത്തെ പ്രകാശിതമാക്കിത്തീർക്കുകയാണ്. ക്രിസ്തു വിരുദ്ധ വ്യവസ്ഥകൾ അതിന്റെ എല്ലാ ആഴത്തിലുമുള്ള അവസ്ഥകളിലും കടന്നുകയറി കോവിഡ് പോലെയുള്ള പ്രതിസന്ധികളിലൂടെ തിരിമറികൾ നടത്തുകയാണ് എന്ന് പറയാം (നാറ്റോ, പടിഞ്ഞാറൻ സഖ്യം പോലെ); റഷ്യൻ വ്യവസ്ഥയുടെ സ്വാധീനം രാജ്യങ്ങളുടെ ശക്തികേന്ദ്രങ്ങളെ യിസ്രയേലിനെ ആക്രമിക്കാൻ പ്രേരിപ്പിക്കും, യെഹസ്കേൽ പറഞ്ഞത് പോലെ തന്നെ. യൂഫ്രട്ടിസിന്റെ കിഴക്കൻ മേഖലകളിലെ വളരുന്ന ശക്തിയായ ചൈനയാകട്ടെ, അവരുടെ ചുറ്റുവട്ടത്തുള്ള എല്ലാ മേഖലകളിലും ആധിപത്യം സ്ഥാപിക്കും... എല്ലാം തയ്യാറായിവരുകയാണ്."

താല്പര്യജനകമായ ഒരു സംഗതി, ജോർജ്ജ് ഓർവൽ 1948-ൽ എഴുതിയ 1984 എന്ന പ്രവചനത്തിൽ "വല്യേട്ടന്റെ" സ്വേച്ഛാധിപത്യ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു ലോകത്തെ ഭയാനകമായ രീതിയിൽ പ്രവചിച്ചിരിക്കുന്ന മൂന്ന് ശക്തികേന്ദ്രങ്ങൾ എപ്പോഴും പരസ്പരം പോരടിക്കുകയാണ്. അവർ ഓഷ്യാനിയ ആകുന്നു, അതിൽ അമേരിക്കൻ ഭൂഖണ്ഡവും, ബ്രിട്ടീഷ് ദ്വീപുകൾ, യൂറേഷ്യ, യൂറോപ്യൻ ഭൂഖണ്ഡം റഷ്യയുടെ ഏഷ്യൻ ഭാഗം, ചൈനയിൽ കേന്ദ്രീകരിച്ചിരിക്കുന്ന പൂർവേഷ്യാ എന്നിവയാണുള്ളത്. ഇടയ്ക്കുള്ള രാജ്യങ്ങൾ ഈ മൂന്ന് ശക്തി കേന്ദ്രങ്ങളുടെ തുടർച്ചയായ ആക്രമണങ്ങൾക്ക് ഇരയാണ്. അവർ പരസ്പരം സഖ്യങ്ങൾ മാറുകയും അവർക്കിടയിൽ തുടർച്ചയായ സംഘർഷം ഉ ന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വല്യേട്ടന്റെ മുദ്രാവാക്യം ''യുദ്ധം സമാധാനമാണ്, സ്വാതന്ത്ര്യം അടിമത്തമാണ്, അവഗണന കരുത്താണ്'' എന്നതായിരുന്നു.

അത് ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും വളരെയകലെയല്ല, പടിഞ്ഞാറൻ യൂറോപ്പ് **നാറ്റോ** സഖ്യത്തിന്റെ (ഓഷ്യേനിയ) ഭാഗമാണെന്നും അവർ സോവിയറ്റ് യൂണിയനും(യൂറേഷ്യ) അതിന്റെ സഖ്യകക്ഷികൾക്കു മെതിരെ പ്രതിരോധം ഏർപ്പെടുത്തി എന്നത്




ഒഴിച്ചാൽ. 1989 – ൽ നാം കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസത്തിന്റെ പതനവും 1991 – ൽ സോവിയറ്റ് യൂണിയന്റെ അന്ത്യവും കണ്ടു. അതിനാൽ ബൾഗേറിയ വരെയുള്ള ബാൾട്ടിക് രാജ്യങ്ങൾ, റഷ്യൻ സ്വാധീനത്തിന്റെ ഭാഗമായിരുന്നവ, പടിഞ്ഞാറൻ സ്വാധീനത്തിലേക്ക് മാറ്റപ്പെടുന്നതിന് ഇടയായി. യുക്രൈനിനെതിരെയുള്ള ഇപ്പോഴത്തെ യുദ്ധത്തിനെ റഷ്യയും (യൂറേഷ്യ) നാറ്റോ/യൂറോപ്യൻ യൂണിയനും തമ്മിൽ യുക്രൈനിന്റെ സ്ഥാനത്തിനെപ്പറ്റിയുള്ള സംഘർഷമാണെന്ന് കാണാവുന്നതാണ്. യുക്രൈനെ റഷ്യ കാണുന്നത് അവരുടെ മേഖലാ ഭാഗമായിട്ടാണ്, അതേ സമയം പടിഞ്ഞാറൻ യൂറോപ്യൻ യൂണിയൻ അതിനെ അവരുടെ സ്വാധീനത്തിന്റെ വലയത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു. ചൈന (ഈസ്റ്റേഷ്യ) ഇപ്പോൾ റഷ്യയുമായി സഖ്യത്തിലാണ്, പടിഞ്ഞാറൻ സഖ്യങ്ങൾ (പ്രത്യേകിച്ചും അമേരിക്ക) തായ്വാനെയോ കൊറിയൻ ഉപദ്വീപിനെയോ ചെല്ലി മറ്റൊരു സംഘർഷത്തിൽ അവസാനിക്കാനുള്ള സാധ്യതയുണ്ട്.

ഈ ശക്തികൾ എല്ലാം തന്നെ ഏതെങ്കിലും വിധത്തിൽ പശ്ചിമേഷ്യയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. അവിടെയാണല്ലോ യിസ്രായേലിനെ കേന്ദ്രീകരിച്ചുള്ള സംഘർഷം ബൈബിളിൽ യുഗാന്ത്യം എന്ന് പ്രവചിച്ചത് പൂർണ്ണതയിലേക്കു നീങ്ങുന്നത്.

## യിസ്രയേൽ, ഇറാൻ, അണുബോംബ്

ജൂൺ 11-ന് യിസ്രായേൽ ഒരാഴ്ചയ്ക്കുള്ളിൽ ഡമാസ്കസ് വിമാനത്താവളത്തിന് നേരെ അവരുടെ രണ്ടാമത്തെ ആക്രമണം നടത്തി. ഉപരിതല മിസ്സൈലുകൾ അയച്ച് അവർ ഇറാനിൽ നിന്നും ഇറക്കുമതി ചെയ്ത ആയുധ ശേഖര സ്ഥാനങ്ങൾ തകർത്തു. നിയന്ത്രണ വീക്ഷാ ഗോപുരവും (Control tower) തകർക്കപ്പെട്ട് വിമാനത്താവളം ഉപയോഗശൂന്യമായി. യിസ്രായേലിന്റെ ഇറാനെതിരെയുള്ള ഏറ്റവും പുതിയ ഈ ആക്രമണം വ്ളാദിമിർ പുട്ടിന്റെ റഷ്യൻ സർക്കാരിൽ നിന്നും കടുത്ത വിമർശനത്തിനു നിദാനമായി. റഷ്യ അതിന്റെ സേനകളെ സിറിയയിലേക്ക് അയച്ച് അവിടെ സംഭവിക്കുന്ന കാര്യങ്ങളുടെ നിയന്ത്രണം ഉറപ്പാക്കി. മോസ്കോയും യെരുശലേമും തമ്മിലുള്ള ഇപ്പോൾത്തന്നെ വഷളായിരിക്കുന്ന ബന്ധങ്ങളിൽ ഇനി കൂടുതൽ ആഘാതം ഉണ്ടാക്കിയേക്കാം.

ഇറാൻ, അതിന്റെ ആണവ കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര ആണവായുധ സംഘടന സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ കെടുത്തി അന്താരാഷ്ട്ര സമൂഹവുമായുള്ള കരാർ ലംഘിച്ചു. ഇറാൻ അതിന്റെ ഭൂമിക്കടിയിലുള്ള നടാൻസ് യുറേനിയം വികസന ശാലയിൽ നൂറു കണക്കിന് പുതിയ ഐ ആർ-6 വേർപിരിയൽ യന്ത്രങ്ങൾ (Centrifuges) ഘടിപ്പിക്കുന്നതിനെതിരെ താക്കീത് നൽകി. ഈ പുതിയ പ്രവർത്തനം ഇറാന് ആണവ ആക്രമണം ആരംഭിക്കുവാനുള്ള ശേഷി നൽകുന്നത് വേഗത്തിലാക്കുകയും, അതിന്റെ ദീർഘദൂര അഗ്നിവാണം

സജ്ജമാക്കി ആ ഇസ്ലാ മിക് റിപ്പബ്ലിക് ആണവ യുദ്ധത്തിന് കരുനീക്കുവാൻ നിമിഷങ്ങൾ മതിയെന്ന അവസ്ഥ സം ജാതമാക്കിയേക്കാം. ഈ ഇസ്ലാമിക പരമാധികാര രാഷ്ട്രം അണു ബോം ബ് ഉണ്ടാക്കാൻ ആവശ്യമായതിനുവേ ണ്ടതായ 60 ശതമാനം യുറേനിയവും ശേഖരിച്ച് കഴിഞ്ഞെന്ന് ആണവവിദ ഗ്ധർ പറയുന്നു. ഇറാന്റെ യുറേനിയം ഹെക്സാഫ്ളൂറൈയ്ഡ് വാതക ശേഖ രം 90 ശതമാനത്തിൽ എത്താൻ ആഴ്ച കൾ മതിയാകും. എന്നുവച്ചാൽ ഇറാൻ ഒരു അണു ബോംബ് ഉണ്ടാക്കുന്നതി ന്റെ അരികിലെത്തിക്കഴിഞ്ഞിരിക്കു ന്നു. യിസ്രായേൽ ഇതിനെ അതിന്റെ നിലനില്പിനുള്ള ഭീഷണിയായി കാ ണുന്നു. യിസ്രായേൽ പ്രധാനമന്ത്രി ആയിരുന്ന നഫ്താലി ബെന്നെറ്റ് പറ ഞ്ഞത്, യെരുശലേമിലെ സർക്കാരിന് ഇറാന്റെ ആണവ പദ്ധതി സ്വന്തം രീതി യിൽ അവസാനിപ്പിക്കാനുള്ള അവകാ ശം ഉണ്ടെന്നാണ്. അത് പൊള്ളയായ ഒരു ഭീഷണി മാത്രമല്ല, യിസ്രായേലിന്റെ സൈനിക സന്നാഹങ്ങൾ ഇപ്പോൾ ഇറാനെ ആക്രമിച്ച് ഈ ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ ആണവ കേന്ദ്രങ്ങൾ ബോംബിടാൻ തയ്യാറെടുക്കുകയാ ണെന്ന് പറയപ്പെടുന്നു. യിസ്രായേലി ന്റെ എഫ്-30 പോർവിമാനങ്ങൾ ഇറാനെ ആക്രമിക്കാൻ തയ്യാറാണ്, വിമാനങ്ങൾക്ക് യുദ്ധ സമയത്ത് ഇന്ധ നം നിറയ്ക്കേണ്ടതില്ലാത്ത സംവിധാ നം വികസിപ്പിക്കുന്നതിൽ അവർ വിജ യിച്ചിട്ടുണ്ട്. എഫ്-35 ഒരു റഡാറിന് ക ണ്ടെത്താൻ കഴിയാത്ത യുദ്ധവിമാന മാണ്, അത് ഇറാന്റെ ആണവ കേന്ദ്ര ങ്ങളെ ആക്രമിക്കുന്നതിനായി ഉപയോ ഗിക്കുമെന്ന് കരുതുന്നു. യിസ്രായേൽ വായുസേനയിലെ എഞ്ചിനീയർമാർ എഫ്-35 വിമാനങ്ങളിൽ 1000 കിലോ ബോംബ് ഘടിപ്പിക്കുന്നതിലും വിജയി ച്ചിട്ടുണ്ട്. ഭാരംകൂടിയ വായുസേനാ വിമാനങ്ങളുടെ ഭീമമായ ആകാശ പ്രക ടനം ജൂണിൽ മദ്ധ്യധരണിക്കടലിനു മുകളിലൂടെ നടന്നതിനെ യിസ്രായേൽ സൂചിപ്പിച്ചത് ഇറാനെതിരെയുള്ള ബഹു മുഖ യുദ്ധത്തിന്റെ പരിശീലനം ആ ണെന്നായിരുന്നു.

യിസ്രായേൽ അറബ് രാജ്യങ്ങളുമായി ചേർന്ന് ഇറാനെതിരെയുള്ള സഖ്യം ശക്തിപ്പെടുത്താനും ശ്രമിക്കുന്നുണ്ട്. അവരും ഇറാന്റെ പ്രകോപനത്താൽ ഭീഷണിയിലാണ്. യിസ്രായേൽ 2020- ൽ സമാധാന ഉടമ്പടികൾ ഒപ്പുവച്ചിട്ടുള്ള ഗൾഫ് രാജ്യങ്ങൾക്ക് യിസ്രായേലി റഡാറുകളും ആകാശ പ്രതിരോധ സം വിധാനങ്ങളുമുണ്ട്. യിസ്രായേലിന്റെ പ്രതിരോധസേനയും, മൊസ്സാദും ബഹ റൈനിൽ തമ്പടിച്ചു കഴിഞ്ഞെന്ന് പറയപ്പെടുന്നുണ്ട്. യിസ്രായേലിന്റെ ഒരു പുതിയ സമാധാന പങ്കാളിയാണ് ബഹ്റൈൻ, അത് യിസ്രായേലിന് ഇറാന്റെ അതിർത്തികളിലേക്ക് കൂടു തൽ അടുത്ത് ചെല്ലാൻ അവസരമൊ രുക്കുന്നു. യിസ്രായേൽ പ്രതിരോധ സേനയ്ക്ക് ഇറാന്റെ പടിഞ്ഞാറൻ അതിർത്തിയിലുള്ള അസർബൈജാ നുമായി അടുത്ത ബന്ധങ്ങളുണ്ട്. യി സ്രായേലും സൗദി അറേബ്യയും തമ്മിലുള്ള ബന്ധവും ഊഷ്മളമായി ക്കൊണ്ടിരിക്കുന്നു, ബെന്നെറ്റ് ജൂണിൽ അപ്രതീക്ഷിതമായി അബുദാബി സന്ദർശിച്ചതോടെ ഇതെല്ലാം വെളി പ്പെടുത്തുന്നത് ഇറാനെതിരെ സൈനി ക ആക്രമണം ഉണ്ടാകുമെന്നതിന്റെ ഏറിവരുന്ന സാധ്യതകളാണ്.

യിസ്രായേലിന്റെ കർമ്മപദ്ധതിയെപ്പറ്റി ഇറാന് അറിയാമെന്നാണ് പ്രതികരി ച്ചത്, അതിനായി കാത്തിരിക്കുന്നുവെ ന്നും സൂചിപ്പിക്കുകയുണ്ടായി യിസ്രാ യേലിനെ ഭൂപടത്തിൽ നിന്നും തുടച്ചു നീക്കുന്നതിനുള്ള കാരണം അവർക്ക് ഇതിൽ കണ്ടെത്തുവാൻ കഴിയും.

ബൈബിൾ പ്രവചനത്തിന്റെ കാഴ്ചപ്പാ ടിൽ യിസ്രായേൽ ഭൂപടത്തിൽ നിന്നും തുടച്ചുമാറ്റപ്പെടില്ല. യേശുക്രിസ്തുവി ന്റെ/മശിഹായുടെ രണ്ടാം വരവിനാ യി അതവിടെ ഉണ്ടാകണം എന്നതാ ണു കാരണം. മശിഹാ മടങ്ങിയെത്തിയ

ശേഷം, ഭൂപടത്തിൽ നിന്നും തുടച്ചു മാറ്റുന്നതിന് പകരം, യിസ്രായേലിന്റെ അതിർത്തികൾ അബ്രഹാമിനു വാഗ്ദത്തം ചെയ്ത പ്രകാരം എല്ലാ ദിശ കളിലേയ്ക്കും വികസിക്കപ്പെടും. യെരുശലേം മിശിഹായുടെ സത്ഭരണത്തിന്റെ കേന്ദ്രമായി മാറും (യെശയ്യ. 2.1-4 കാണുക).

ഇറാന്റെ ആണവ പദ്ധതിയെപ്പറ്റിയുള്ള സംഘർഷം തുടങ്ങാറാകുമ്പോൾ, അത് ഗോഗ്-മാഗോഗ് യുദ്ധത്തിന് വഴി തുറക്കും. അതിൽ പല രാജ്യങ്ങളുടെ സഖ്യങ്ങൾ യിസ്രായേലിനെതിരെ വരുകയും, യിസ്രായേലിനുവേണ്ടി ദൈവത്തിന്റെ ഇടപെടൽ മൂലം അവർ അമാനുഷികമായി നശിപ്പിക്കപ്പെടുകയും ചെയ്യും. ഈ സൈന്യത്തെ നയിക്കുന്നത് ഏറ്റവും വടക്കുള്ള ഒരു ശക്തിയായിരിക്കും (റഷ്യ?). ഒപ്പം യിസ്രായേൽ വിരുദ്ധ രാജ്യങ്ങളുടെ സഖ്യങ്ങൾ, പേർഷ്യ (ഇറാൻ) ഉൾപ്പെടെയുള്ളവർ അവരുടെ വിധി യിസ്രായേലിന്റെ മല നിരകളിൽ കണ്ടെത്തും. യെഹെസ്കേൽ 38-39 എന്നീ അദ്ധ്യായങ്ങൾ നോക്കുക. ഈ പ്രശ്നത്തിൽ റഷ്യയുടെ കരുത്ത് തകർക്കപ്പെടുമെന്നാണ് പ്രവചനം, ചിലപ്പോൾ അമേരിക്കയും യെഹെസ്കേൽ 39:6 - ൽ പറയുമ്പോലെ അതിൽ ഉൾപ്പെട്ടേക്കാം. മാഗോഗിലും (റഷ്യ) തീരപ്രദേശങ്ങളിലും (ബൈബിളിന്റെ കാലത്ത് പേര് അറിയപ്പെടാതിരുന്ന സ്ഥലങ്ങളെപ്പറ്റി പറയുന്ന ഒരു രീതി) തീ പെയ്യുന്നതിനെപ്പറ്റി പറയുന്നുണ്ട്. ഇതിനെക്കുറിച്ച് ഏപ്രിൽ 2022 ലക്കത്തിൽ ഞങ്ങൾ കൂടുതൽ എഴുതിയിട്ടുണ്ട്.*

## യൂറോപ്യൻ യൂണിയന്റെ ഭാവി

യൂറോപ്യൻ യൂണിയന്റെ ഭാവിയെപ്പറ്റി ഒരു പ്രത്യേക സമ്മേളനം മെയ് 10-ന് അവസാനിച്ചു. പ്രസിഡന്റ് മാക്രോണും യൂറോപ്യൻ കമ്മീഷന്റെ പ്രസിഡന്റ് ഉർസുല വോൻ ഡെർ ലെയെനും ആണ് അത് നയിച്ചത്. സമ്മേളനത്തിൽ ഫ്രഞ്ച് പ്രസിഡന്റ് മാക്രോൻ പ്രഖ്യാപിച്ചത്, അദ്ദേഹം ഒരു പുതിയ തരം യൂറോപ്യൻ രാഷ്ട്രീയ സമൂഹത്തെ അനുകൂലിക്കുന്നു എന്നത്രേ. അത് യൂറോപ്യൻ യൂണിയന് പുറത്തുള്ള രാജ്യങ്ങളെ (പ്രത്യേകിച്ചും ബ്രിട്ടൻ) യൂറോപ്പിന്റെ കാതലായ മൂല്യങ്ങളോട് ചേരാൻ അനുവദിക്കും. 'അതെ സമയം അദ്ദേഹവും സംയുക്ത ഭരണാനുകൂലികളായ കൂട്ടാളികളും ലോകരംഗത്ത് തങ്ങളുടെ ശക്തി വെളിപ്പെടുത്തുവാൻ തക്കവണ്ണം ഒരു ഐക്യ രാജ്യമായി മാറുന്നതിന് അംഗ രാഷ്ട്രങ്ങളെ ഉരുക്കി ച്ചേർക്കുവാനുള്ള ശ്രമത്തിലാണ്.

സമ്മേളനം യൂറോപ്യൻ യൂണിയന്റെ ശക്തിയെ ഒരുമിപ്പിക്കുന്നതിൽ ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങൾ ഒരുക്കിയിരുന്നു, പ്രത്യേകിച്ചും പൊതു വിദേശ നയവും, സുരക്ഷാ കാര്യങ്ങളും. ഇത് യൂറോപ്യൻ യൂണിയനെ ഒരേ സ്വരത്തിൽ സംസാരിക്കാൻ അനുവദിക്കുകയും ഏത് പ്രശ്നത്തിനും പ്രതിരോധം ഉണ്ടാക്കുകയും ചെയ്യും. അതിൽ ഒരു പ്രമേയവും ഉണ്ടായിരുന്നു (ശുപാർശ 23), അതിൽ ഒരു ഐക്യ യൂറോപ്യൻ യൂണിയൻ സൈന്യത്തെ സൃഷ്ടിക്കാനുള്ള സാദ്ധ്യതയുണ്ട്, ആദ്യഘട്ടത്തിൽ ഒരു




ത്വരിത പ്രതികരണ സൈനിക ശക്തിയിൽ, 5000 പട്ടാളക്കാർ ഉൾപ്പെട്ടിരിക്കും.

റഷ്യയുടെ ഇപ്പോഴത്തെ അവസ്ഥ യൂറോപ്യൻ യൂണിയന് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ റഷ്യയ്ക്കെതിരെ

ഉപരോധങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, യുക്രെയിനെ ഈയു വിന്റെ ഭാഗമാക്കുവാൻ ശ്രമം നടക്കുമ്പോൾ തന്നെ യൂറോപ്പിന് റഷ്യയുടെ അൾമക ഇന്ധനങ്ങൾ ഒഴിച്ചുകൂടാനാവുന്നില്ല എന്ന കൈപ്പൻ യാഥാർത്ഥ്യം അവ ഗണിക്കുവാൻ സാധിക്കയില്ല. റഷ്യയുടെ എണ്ണയും പ്രകൃതി വാതകവും ഇല്ലെങ്കിൽ, യൂറോപ്പിന്റെ വെളിച്ചം നിലയ്ക്കും. വ്യവസായം ഇഴഞ്ഞുനീങ്ങും. ശീത കാലം ആയാൽ ആളുകൾ തണുത്തു മരവിക്കും. എന്നു വച്ചാൽ, ലോകത്തിന്റെ മുന്നിൽ, റഷ്യയുടെ കാര്യം വരുമ്പോൾ യൂറോപ്യൻ യൂണിയൻ ദുർബലമാണ്.

അതുകൊണ്ട് യൂറോപ്പ് അന്വേഷിക്കുന്നത് റഷ്യൻ ഇന്ധനത്തിനുള്ള ബദലാണ്. ഏറ്റവും പുതിയ വാർത്ത വന്നിരിക്കുന്നത്, യൂറോപ്യൻ യൂണിയന്റെ പ്രസിഡന്റ് ഉർസുല വോൻ ഡെർ ലെയ്ൻ ജൂൺ 13-14 എന്നീ തീയതികളിൽ യിസ്രായേൽ സന്ദർശിച്ചു, ഇത് യൂറോപ്യൻ യൂണിയനും, യിസ്രായേലും, ഈജിപ്റ്റും തമ്മിലുള്ള ചരിത്രപരമായ ഒരു കരാർ ഉറപ്പിക്കാനായിരുന്നു. ഇത് യിസ്രായേലിനെ കോടിക്കണക്കിന് ക്യൂബിക്ക് അടി പ്രകൃതിവാതകം യൂറോപ്പിന് നൽകാൻ അനുവദിക്കും, ഇത് ഈജിപ്റ്റ് വഴിയായിരിക്കും. ഇതായിരിക്കും റഷ്യ യിസ്രായേലിനെതിരെ ഗോഗിന്റേയും മാഗോഗിന്റേയും യുദ്ധത്തിൽ എത്തിച്ചേരാനുള്ള കാരണം (കവർച്ച ചെയ്വാനും അപഹരിപ്പാനും - യെഹെസ്കേൽ 38:13). ഇതു തന്നെയായിരിക്കണം യൂറോപ്യൻ യൂണിയൻ യിസ്രായേലുമായി സമാധാന കരാറിൽ ഏർപ്പെടുവാനുണ്ടായ അതിപ്രധാന ഘടകവും, ഇവിടെയാണ് എതിർ ക്രിസ്തുവിന്റെ അന്ത്യകാല ലോക സാമ്രാജ്യത്തിലേക്ക് വെളിച്ചം വീശുന്നതും (ദാനി. 9:27).

ദാനിയേലിന്റെ പ്രവചനം അനുസരിച്ച് ഈ അവസാനത്തെ ലോക സാമ്രാജ്യം ദുർബലവും ശക്തവും ആയിരിക്കും. അത് ദുർബലവും ശക്തവുമായ രാജ്യങ്ങൾ കൊണ്ട് വിഭജിക്കപ്പെടുന്നതെങ്കിലും ഒരുമിച്ച് നിൽക്കുവാൻ ബുദ്ധിമുട്ടുകൾ ഏറെ ആയിരിക്കും, ഇരുമ്പും കളിമണ്ണും കലരാത്തതു പോലെ (ദാനി. 2:41-43) തന്നെ. അതിന് പഴയ റോമാസാമ്രാജ്യവുമായി ബന്ധമുണ്ടായിരിക്കുകയും അതിന്റെ അധിപതിയിസ്രായേലുമായി സമാധാനക്കരാറും ഏഴ് വർഷത്തേയ്ക്ക് ഉണ്ടാക്കുകയും ചെയ്യും. (ദാനി. 9.26 -27). യുക്രൈനിലെ ഇപ്പോഴത്തെ പ്രതിസന്ധി എത്തിച്ചേരുക ഏകീകൃതമായ യൂറോപ്യൻ യൂണിയന്റെ വിദേശനയത്തിലും ഏകീകൃതമായ ഇയു സൈന്യത്തിലുമായിരിക്കും. ദാനിയേൽ വിശദീകരിച്ചത് പോലെ ഇയു ലോക സാമ്രാജ്യം ആകുന്നതിലേയ്ക്ക് ഒരടി കൂടി മുന്നോട്ടു വയ്ക്കുകയും ചെയ്യും. റഷ്യ ഗോഗിന്റേയും മാഗോഗിന്റേയും വരാനിരിക്കുന്ന യുദ്ധത്തിൽ തോൽക്കുകയാണെങ്കിൽ, ഇയു അതിന്റെ പശ്ചിമേഷ്യൻ സമാധാന ഉടമ്പടി സൃഷ്ടിച്ച ഒഴിവിടത്തിലേയ്ക്ക് നീങ്ങുകയും ചെയ്യും (ദാനി. 7:27), അത് അതിന്റെ നേതാവിനെ ലോകശക്തിയാക്കി ഉയർത്തും. ബ്രിട്ടന്റെ കാര്യം ആണെങ്കിൽ, ബോറിസ് ജോൺസന്റെ ബ്രെക്സിറ്റിനെ പിന്തുണയ്ക്കുന്ന സർക്കാർ പുറത്താകേണ്ടതായി വന്നു. ഇനി സൗഹൃദപരമായ സഖ്യകക്ഷികളുടെ പങ്കാളിത്തത്തിൽ യൂറോ നാണയത്തെ തിരികെ കൊണ്ടുവരാനും, ബ്രിട്ടനെ ഈയുവിൽ ലയിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ ഉണ്ടായേക്കാം. ഇതിലെല്ലാം നാം ഓർത്തിരിക്കേണ്ടത് ഈ സംഭവങ്ങളെല്ലാം യാദൃശ്ചികമായി വരുന്നതല്ലെന്നും, പ്രത്യുത ആസന്നമായ ചരിത്ര മൂർദ്ധന്യാവസ്ഥയും, യേശു മശിഹായുടെ വരവും ഉരുത്തിരിയും എന്നുമത്രേ.*

## ഒരു ആഗോള കൂട്ടനാശമോ?

ലോകം അതിവേഗത്തിൽ ചരിത്രത്തിന്റെ ഒരു മൂർദ്ധന്യാവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ഗ്രഹിക്കുവാൻ ഒരു റോക്കറ്റ് ശാസ്ത്രജ്ഞൻ ആയിരിക്കേണ്ടതില്ല.

1) ആഗോളവൽക്കരണം എന്നതിന്റെ അർത്ഥം ഒരു രാഷ്ട്രത്തിനും തങ്ങളുടേതായ സ്വാതന്ത്ര്യം ലഭിക്കയില്ല എന്നും, ഹരിതസംഘങ്ങൾ ഒരു ലോക സർക്കാരിനുവേണ്ടി ധർമ്മോപദേശം നടത്തുന്നു എന്നുമത്രേ.

2) ലോക ജനസംഖ്യ 1850-ലെ ഒരു ലക്ഷം കോടിയിൽ നിന്നും, 2021-ൽ 8 ലക്ഷം കോടിയായി വർദ്ധിച്ചിരിക്കുന്നു.

**അത് ഓരോ 11 വർഷങ്ങൾ കൂടുന്തോറും ലക്ഷം കോടി എന്ന കണക്കിൽ ഉയർന്നുകൊണ്ടിരിക്കുന്നു.**

അനധികൃത കുടിയേറ്റം അതിർത്തി സുരക്ഷയെ ഇടിച്ചു പൊളിക്കുമ്പോൾ, 800 ദശലക്ഷം പേർ വിശപ്പടക്കുവാൻ പ്രയാസപ്പെടുന്നു.

3) കോവിഡ്-19 എന്ന വിഷാണു രാഷ്ട്രങ്ങളുടെ പ്രവർത്തനത്തെ ശക്തിഹീനമാക്കുകയും, അടച്ചുപൂട്ടലുകൾ കോടിക്കണക്കിനു ഡോളറുകളുടെ നഷ്ടം വരുത്തിവയ്ക്കുകയും ചെയ്തിരിക്കുന്നു.

4) ചൈന, ഉത്തര കൊറിയ തുടങ്ങിയ രാഷ്ട്രങ്ങൾ കൂട്ടനാശ അണുവായുധങ്ങൾ ശേഖരിച്ചിട്ടുണ്ട്.

5) പശ്ചിമേഷ്യയിൽ ജൂതവിരോധം പ്രചരിപ്പിക്കുകയും, ലോകം കീഴടക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, മറ്റൊരു വശത്ത് ആഗോളീകരത കത്തിപ്പടരുന്നു.

6) വൻതോതിലുള്ള ആഗോള സാമ്പത്തിക കടബാദ്ധ്യതയാൽ ഒരു സംഘർഷം ഉടലെടുത്തിരിക്കുന്നു. 2021-ൽ അമേരിക്കയുടെ കടം 29 ലക്ഷം കോടി ഡോളറിൽ എത്തിച്ചേർന്നിരിക്കുന്നു.

7) സന്മാർഗ്ഗ നിലവാരം കൈവിടുകയും ഗർഭച്ഛിദ്ര ചികിത്സാലയങ്ങളിൽ ജനിക്കുവാനിരിക്കുന്ന ശിശുക്കളെ കൊല ചെയ്യുകയും, സ്വവർഗവിവാഹം നിയമാനുസൃതമാക്കുകയും, ഭയചകിതമായ നിരക്കിൽ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും ക്രമാതീതമായി പെരുകുകയും ചെയ്യുന്നു.

8) കാലാവസ്ഥാ വ്യതിയാനഭീതിയാൽ ഊർജ്ജ നിലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും, അണക്കെട്ടുനിർമ്മാണം തടയുകയും ലക്ഷം കോടിക്കണക്കിനു ഡോളറുകൾ നഷ്ടമാക്കുകയും ചെയ്യുന്നു.

9) ക്രിസ്തീയ ലോകം വേദപുസ്തക സത്യങ്ങളെ ഉപേക്ഷിച്ച്, ആളും അർത്ഥവും കരസ്ഥമാക്കുവാൻ പാരമ്പര്യങ്ങളും സമകാലിക പരിപാടികളും പ്രോത്സാഹിപ്പിക്കുന്നു.

**ക്രിസ്തുവിന്റെ വരവിനു മുമ്പായി ഏഴു വർഷക്കാലത്തെ ഒരു ആഗോള കൂട്ടനാശം സംഭവിക്കുമെന്ന് ബൈബിളിൽ മുന്നറിയിച്ചിട്ടുണ്ട്. *ബൈബിളിൽ ഇതിന് ഉത്തരം ഉണ്ട്*** ബൈബിൾ കുറഞ്ഞ പക്ഷം മൂന്നിൽ രണ്ടു ഭാഗങ്ങളും പ്രവചനമാണ്. അനേകം പ്രവചനങ്ങൾ അതിസൂക്ഷ്മമായ വിശദാംശങ്ങളോടെ നിവർത്തിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പലതും അടുത്തുതന്നെ നിവർത്തിക്കപ്പെടുകയും ചെയ്യും. അസ്സീറിയ, ഈജിപ്റ്റ്, ബാബിലോൻ, പേർഷ്യ, ഗ്രീസ്, റോം തുടങ്ങിയ സാമ്രാജ്യങ്ങളെക്കുറിച്ച് ബൈബിളിൽ മുന്നറിയിച്ചിട്ടുണ്ട്. അവയുടെ ഉയർച്ചയോ നാശമോ, സോദോം, നിനവേ, ബാബിലോൻ, സോർ, യെരുശലേം തുടങ്ങിയ പട്ടണങ്ങൾ ഇന്ന് ബൈബിളിൽ പ്രവചിച്ചിരിക്കുന്നതുപോലെ കൃത്യമായി പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ ആദ്യത്തെ വരവിനേക്കുറിച്ച് നൂറു കണക്കിനു ആണ്ടുകൾക്കു മുമ്പ്, അതു സംഭവിച്ചപോലെ തന്നെ മുന്നറിയിച്ചിരുന്നു, അവിടുത്തെ ജനനം, ജീവിതം, മരണം, പുനരുത്ഥാനം എന്നിവ. ബൈബിൾ തെറ്റു കൂടാത്ത നിസ്തുല്യമായ ദൈവവചനമാണ്. അതിലെ ചരിത്രം കൃത്യമായി വായിക്കുകയും പ്രവചനങ്ങൾ എല്ലായ്പ്പോഴും

കൃത്യമായ വിശദാംശങ്ങളോടു കൂടി നിവർത്തിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ഗ്രന്ഥവും അതിന് അടുത്തെങ്ങും എത്തുകയില്ല. അറിവില്ലാത്തവനോ ഭോഷനോ മാത്രമേ ബൈബിളിനെ സംശയിക്കുകയുള്ളൂ.

***വരുവാനിരിക്കുന്ന ആഗോള കൂട്ടനാശം***

അന്ത്യനാളുകളുടെ അടയാളങ്ങൾ ബൈബിളിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് ഈ ലോകത്തിൽ അഭൂതപൂർവ്വമായ തോതിൽ ഒരു **കൂട്ടനാശം** പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് നമുക്കു ലഭിച്ചിരിക്കുന്ന സമയം ചുരുക്കമാണെന്നു നാം അറിഞ്ഞിരിക്കേണ്ടത്. അനവധി തവണ മുഴുലോകത്തെയും നശിപ്പിക്കുവാൻ പോരുന്ന അണുവായുധങ്ങൾ കരുതപ്പെട്ടിട്ടുണ്ട്. *യുഗാന്ത്യത്തെക്കുറിച്ച്* യേശു പറഞ്ഞു:

*ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേലാൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്ന് ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ* ***ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല****; വ്യതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും* (മത്താ. 24:21,22).

വരുവാനിരിക്കുന്ന കൂട്ടനാശത്തെക്കുറിച്ച് യെശയ്യാ പ്രവാചകൻ വിവരിച്ചു:

*യഹോവ ഭൂമിയെ ശൂന്യമാക്കി ഭൂവാസികൾ ദഹിച്ചുപോയി,* ***ചുരുക്കം പേർ മാത്രം ശേഷിച്ചിരിക്കുന്നു*** (യെശ. 24:1-6).

യേശു ക്രിസ്തു വാഴ്ച നടത്തുവാൻ മടങ്ങിവരുന്നതിനുമുമ്പുള്ള **മനുഷ്യചരിത്രത്തിൽ ഒടുവിലത്തെ ഏഴ് ആണ്ടുകളേക്കുറിച്ച്** ബൈബിളിൽ ധാരാളം പ്രവചനങ്ങൾ ഉണ്ട്. പ്രാരംഭമായി, നിങ്ങളുടെ ബൈബിൾ കയ്യിലെടുത്ത്, നിങ്ങൾ തന്നെ പരിശോധന നടത്തുന്ന പക്ഷം, വെളി. 6-19, മത്താ. 24, യോവേൽ 2,3; സെഖ. 14, ദാനി. 7-12, യെശ. 24-27 എന്നീ അദ്ധ്യായങ്ങളിൽ ഈ വസ്തുതകൾ വിശദമായി എഴുതിയിട്ടുണ്ട്. ഈ സമയത്തെ *കർത്താവിന്റെ ദിവസം* അഥവാ *മഹോപദ്രവം* എന്നു വിളിച്ചിരിക്കുന്നു. അടയാളങ്ങൾ വ്യക്തമാക്കുന്നു.

***യിസ്രായേൽ: ദൈവത്തിന്റെ സമയഘടികാരം***

ദൈവത്തിന്റെ സമയ ഘടികാരം യിസ്രായേൽ രാഷ്ട്രമാണ്. സമയ രേഖയിൽ നാം എവിടെ നിൽക്കുന്നു എന്നു നിങ്ങൾക്ക് അറിയണമെങ്കിൽ യിസ്രായേലിനെ ശ്രദ്ധിക്കുക. സത്യത്തെ പരിരക്ഷിക്കുവാൻ ദൈവം അബ്രാഹാമിനെയും തന്റെ സന്താന പരമ്പരയെയും തെരഞ്ഞെടുത്തു. അബ്രാഹാം, മോശെ, ശമുവേൽ, ദാവീദ്, യെശയ്യാവ്, യിരമ്യാവ്, യെഹെസ്കേൽ, ദാനിയേൽ തുടങ്ങി അനേകർക്ക് സർവ്വശക്തനായ ദൈവത്തിന്റെ വചനങ്ങൾ നൽകപ്പെട്ടു. ജൂതർ ക്രിസ്തുവിനെ തിരസ്ക്കരിച്ചപ്പോൾ ഏഡി 70-ൽ ദൈവം അവരെ ലോകജനതകളുടെ ഇടയിൽ ചിതറിച്ചുവെങ്കിലും, സ്വന്തദേശത്തേക്ക് അവരെ മടക്കിവരുത്തുമെന്നു വാഗ്ദത്തം ചെയ്തിരുന്നു. യിസ്രായേൽ 1948-ൽ ഒരു രാഷ്ട്രമായിത്തീർന്നുവെങ്കിലും അവർ ഇപ്പോഴും യേശുക്രിസ്തുവിനെ മശിഹായെന്ന് തിരിച്ചറിയാതെ തിരസ്ക്കരിച്ചിരിക്കുന്നു. റഷ്യയും, ടർക്കിയും, ഇറാനും, ലിബിയയും, സുഡാനും യിസ്രായേലിനെ ആക്രമിക്കുന്ന അന്ത്യകാലത്തു, വരുവാൻ പോകുന്ന ഏഴു വർഷത്തെ മഹോപദ്രവകാലത്ത്, യിസ്രായേൽ കർത്താവിങ്കലേക്കു തിരിയുമെന്ന് ബൈബിൾ പറയുന്നു.

**റഷ്യയും, ഇറാനും, ടർക്കിയും ഇപ്പോൾതന്നെ യിസ്രായേലിന്റെ വടക്കെ അതിർത്തിയിൽ എത്തിയിട്ടുണ്ട്!** യെഹെ. 38,39, യോവേൽ 2 എന്നീ അദ്ധ്യായങ്ങളിൽ അതിനെക്കുറിച്ചു വായിക്കുക. രണ്ടു വ്യക്തമായ അടയാളം സൂചിപ്പിക്കുന്നത് അത് മഹോപദ്രവത്തിന്റെ തുടക്കത്തിൽ ആയിരിക്കും എന്നത്രേ:

1) പുനരുദ്ധരിക്കപ്പെടുന്ന റോമാ സാമ്രാജ്യവുമായി, അതായത്, യൂറോപ്യൻ യൂണിയൻ, യിസ്രായേൽ 7 വർഷക്കാലത്തെ ഉടമ്പടി ഒപ്പുവയ്ക്കും.

2) അപ്പോൾ **പെട്ടെന്ന് ആഗോളപരമായി ആളുകൾ അപ്രത്യക്ഷരാകും.** ഇതിനേക്കുറിച്ച് ബൈബിൾ വിവരിക്കുന്നത്, ഉൽപ്രാപണം അഥവാ യഥാർത്ഥ ക്രിസ്ത്യാനികളുടെ കൂട്ടിചേർപ്പ് എന്നത്രേ. യേശു പറഞ്ഞു:

*ആ രാത്രിയിൽ രണ്ടു പേർ ഒരു കിടക്കമേൽ ആയിരിക്കും;* ***ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും****; രണ്ടുപേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും;* ***ഒരുത്തിയെ കൈക്കൊള്ളും,***

***മറ്റവളെ ഉപേക്ഷിക്കും;*** *രണ്ടുപേർ വയലിൽ ഇരിക്കും* ***ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും*** (ലൂക്കൊ. 17:34-36).

ലോകമാസകലം, തൽക്ഷണം, യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള എല്ലാവരും പെട്ടെന്ന് അപ്രത്യക്ഷരാകുന്നത് **7 വർഷക്കാലത്തെ മഹോപദ്രവം വന്നിരിക്കുന്നു** എന്നതിന്റേയും ക്രിസ്തുവിന്റെ മടങ്ങിവരവ് അടുത്തു വരുന്നതിന്റെയും സൂചന ആയിരിക്കും.

ഉൽപ്രാപണത്തേക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നത് ***പെട്ടെന്ന്, കണ്ണിമയ്ക്കുന്നിടയിൽ*** *മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം (യഥാർത്ഥ ക്രിസ്തുവിശ്വാസികൾ) രൂപാന്തരപ്പെടുകയും ചെയ്യും* (1 കൊരി. 15:51,52) തെസ്സലൊനീക്യയിലെ ക്രിസ്ത്യാനികളോടു പൗലോസ് പറഞ്ഞു:

***ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കും: പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും:*** *ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും* (1 തെസ്സ. 4:16-17). *കർത്താവിന്റെ നാൾ* അഥവാ *മഹോപദ്രവം* വരുന്നതിന് തൊട്ടു **മുമ്പായി** ഇതു സംഭവിക്കും.

***ദൈവം നമ്മെ*** *(വിശ്വാസികളെ)* ***കോപത്തിനല്ല,*** *നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രേ* ***നിയമിച്ചിരിക്കുന്നത്*** (1 തെസ്സ. 5:1-9).

മഹോപദ്രവം വന്നിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന മറ്റു രണ്ട് അടയാളങ്ങൾ ഉണ്ട്. ജലപ്രളയത്തിനുമുമ്പ് **നോഹയുടെ നാളുകളെപ്പോലെയും,** തീയാൽ നശിപ്പിക്കപ്പെടുന്നതിനുമുമ്പ് **സോദോമിന്റെ നാളുകളെപ്പോലെയും.**

നോഹയുടെ നാളിൽ ഒരു ജനസംഖ്യാ വിസ്ഫോടനം ഉണ്ടായി: *മനുഷ്യർ ഭൂമിയിൽ പെരുകിത്തുടങ്ങി, ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത നിറഞ്ഞു, അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണം എല്ലായ്പ്പോഴും ദോഷമുള്ളതും* ആയിരുന്നു (ഉല്പ. 6:1-13). ഇന്ന് ലോകത്ത് അതിക്രമം പെരുകുകയാണ്.

*യുഗാന്ത്യം* **ലോത്തിന്റെ നാളുകളിലെപ്പോലെയും** ആയിരിക്കും. സോദോമിലെ സ്വവർഗ്ഗാനുരാഗികളുടെ മേൽ ന്യായവിധിയുടെ തീയും ഗന്ധകവും ഇറക്കി. സോദോം പട്ടണം ഇപ്പോൾ ചാവുകടലിന്റെ അടിയിലാണ്. സ്വവർഗ്ഗവിവാഹം നിയമവിധേയം ആക്കിയിരിക്കുന്നത് ലോത്തിന്റെ നാളുകളുടെ സാദൃശ്യം തന്നെ (ലൂക്കൊ. 17:2630).

**അടയാളങ്ങൾ വ്യക്തമാണ്:**

1. 2,000 വർഷങ്ങൾക്കുശേഷം യിസ്രായേൽ മടങ്ങിവന്ന് ദൈവാലയം പുനർനിർമ്മിക്കുവാൻ പദ്ധതിയിടുന്നു.
2. റഷ്യയും ഇസ്ലാമും യിസ്രായേലിന്റെ അതിർത്തിയിൽ, പ്രവചിക്കപ്പെട്ടതുപോലെ ആക്രമണത്തിന് ഒരുങ്ങി നിൽക്കുന്നു.
3. എതിർക്രിസ്തു രാജ്യമായ റോമാസാമ്രാജ്യം ഈയു പതാകയ്ക്കു കീഴിൽ പുനരുദ്ധരിക്കപ്പെടുന്നു.
4. അമേരിക്ക (ഒരു *ബാല സിംഹം*, ബൈബിളിലെ തർശീശ് അതായത് ബ്രിട്ടൻ) യിസ്രായേലിനെ പിന്തുണയ്ക്കുന്നു (യെഹെ. 38:13).
5. 200 ദശലക്ഷം പോരാളികൾ ഉൾപ്പെടുന്ന ഒരു ഏഷ്യൻ യുദ്ധത്തിനെക്കുറിച്ച് വെളി. 9:13-18 വരെ പ്രവചിച്ചിരിക്കുന്നു. ഇപ്പോൾ അതിനു സാദ്ധ്യത തെളിയുന്നു.
6. അസാന്മാർഗ്ഗികതയും അക്രമവും പെരുകുന്നു.

***ഉൽപ്രാപണത്തിൽ പെട്ടില്ലെങ്കിൽ നിങ്ങളുടെ കാര്യം എങ്ങനെ?***

ഉൽപ്രാപണ സമയത്ത് നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ മഹോപദ്രവത്തിനായി നിങ്ങൾ പിന്നിൽ തള്ളപ്പെടും. അപ്പോൾ, രക്ഷ പ്രാപിക്കണമെങ്കിൽ നിങ്ങൾ *മൃഗമുദ്രയെ* (എതിർക്രിസ്തു) തിരസ്ക്കരിച്ച് മരിക്കാൻ ഒരുങ്ങിയിരിക്കണം. അതിനാൽ,

*യഹോവയെ കണ്ടെത്താകുന്ന സമയത്ത്* ***അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ;*** *ദുഷ്ടൻ തന്റെ വഴിയെയും, നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിലേക്കു തിരിയട്ടെ; അവൻ അവനോടു കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും* (യെശ. 55:6,7). മഹോപദ്രവത്തെ, അതായത് വരുവാനുള്ള കൂട്ടനാശത്തെ, അതിജീവിക്കുവാനുള്ള ഒരേ ഒരു മാർഗ്ഗം ഇതാണ്; നമുക്കു വേണ്ടിയിരുന്ന ശിക്ഷ കർത്താവ് ഏറ്റെടുത്തു

ക്രൂശിൽ നമുക്കായി പാപയാഗം ആയതിനാൽ പാപങ്ങൾ ഏറ്റുപറഞ്ഞു ക്രിസ്തുവിങ്കലേക്കു തിരിയുക. അവിടുത്തെ രക്തം നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി. വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങളിലേക്ക് തന്നെ സ്വീകരിക്കുവാൻ കർത്താവു നമ്മെ ക്ഷണിക്കുന്നു.

*തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന* ***ഏവനും*** *നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു* (യോഹ. 3:16).

വിശ്വാസത്തിൽ ഇപ്രകാരം അടിവയ്ക്കുമ്പോൾ ദൈവം നിങ്ങളുടെ പാപങ്ങൾ എല്ലാം സൗജന്യമായി ക്ഷമിച്ച് പരിശുദ്ധാത്മാവിനെ നൽകുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു.

***ഒരുവൻ*** *ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, സകലവും പുതുതായി തീർന്നിരിക്കുന്നു* (2 കൊരി. 5:17).

മഹോപദ്രവത്തിന്റെ ഒടുവിൽ അന്തിമ ഹർമ്മഗെദ്ദോൻ യുദ്ധത്തിനുശേഷം ക്രിസ്തു ലോകരാജ്യങ്ങളെ ന്യായം വിധിക്കുവാൻ രണ്ടാമതു വരുവാൻ പോകുന്നു. ഉൽപ്രാപണത്തിൽ നിങ്ങൾ പിന്തള്ളപ്പെട്ടാൽ, എതിർക്രിസ്തു എന്നു വിളിക്കപ്പെടുന്ന ഒരു ലോകനേതാവിനാൽ നിങ്ങൾ വഞ്ചിക്കപ്പെടും. എല്ലാ അടയാളങ്ങളും സൂചിപ്പിക്കുന്നത് ഉൽപ്രാപണം സമീപിച്ചിരിക്കുന്നു എന്നത്രേ. രക്ഷ, മതഭക്തികൊണ്ടോ, സൽപ്രവർത്തികൾ കൊണ്ടോ അല്ല ലഭിക്കുന്നത്, പ്രത്യുത, പാപങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിലേക്കു തിരിയുന്നതിനാൽ അത്രേ:

*കൃപയാലല്ലോ, വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്; ആരും പ്രശംസിക്കുവാൻ പ്രവൃത്തികളും കാരണമല്ല* (എഫേ. 2:8). ✱

## അന്തിമ വാക്ക്

*"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്ത് ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കിപ്പാർത്തും കൊണ്ടു മനുഷ്യർ നിർജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാ തേജസ്സോടും കൂടെ മേഘത്തിൽ വരുന്നത് അവർ കാണും. ഇതു സംഭവിച്ചുതുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ട് നിവിർന്നു തലപൊക്കുവിൻ"* (ലൂക്കൊ. 21:25-28).

യേശുവിന്റെ മടങ്ങിവരവിന് മുമ്പ് അന്ത്യനാളുകളിൽ ലോകത്തിൽ സംഭവിക്കാനിരിക്കുന്ന സംഘർഷത്തെക്കുറിച്ച് അവിടുന്ന് പറഞ്ഞിരിക്കുന്ന വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. *"ജാതികൾക്ക് നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും"* എന്നതിന് മൂല യവന ഭാഷയിൽ *'അപോരിയാ'* എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "പുറത്തുകടക്കാൻ വഴിയില്ലാത്ത" എന്നത്രേ. മനുഷ്യ പ്രയത്നത്താൽ പരിഹരിക്കാനാവാത്ത കാര്യങ്ങളെക്കുറിച്ചാണ് ഞങ്ങൾ ഈ പ്രസിദ്ധീകരണത്തിൽ പരാമർശിച്ചിരിക്കുന്നത്. കുരുക്കുകൾ അഴിക്കുവാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ആളുകൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. അത് ജനത്തെ ഭയപ്പെടുത്തുവാനും ആശയ്ക്ക് വകയില്ല എന്ന നിഗമനത്തിൽ എത്തിക്കുവാൻ മാത്രമേ ഉപകരിക്കു. എന്നാൽ ഇതിന് ഒരു ഉത്തരമുണ്ട്. യേശു വരുവാൻ പോകുന്നു, അതിനാൽ ഭയപ്പെടുകയോ പ്രതീക്ഷ കൈവെടിയുകയോ ചെയ്യേണ്ടതില്ല. യേശുവിൽ ആശ്രയം വെച്ചാൽ അവിടുന്ന് വരുവാനുള്ള രാജ്യത്തിൽ മഹത്തായ ഒരു ഭാവി സംജാതമാക്കുമെന്ന് അറിഞ്ഞുകൊൾക. നിങ്ങൾ ഇതുവരെയും ഒരു വിശ്വാസി ആയിത്തീർന്നിട്ടില്ലെങ്കിൽ അടുത്ത പുറത്തു കാണുന്ന പ്രാർത്ഥന ഹൃദയ പൂർവ്വം ഏറ്റു ചൊല്ലുക. യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷകനുമായി ജീവിതത്തിലേക്ക് സ്വീകരിക്കുക. മാറാനാഥാ - ആമേൻ കർത്താവായ യേശുവേ, വേഗം വരേണമേ! ✱

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

**ചേപ്പാട് പി. ഒ., ആലപ്പുഴ ജില്ല – 690 507**

**ഫോൺ: 0479–2412459 / 2412359 / 2414459 / 9447976381**

E-mail : hopemsn@hopemsn.org



സ്വകാര്യ വിതരണത്തിന് മാത്രം.